# അദ്ധ്യായം – രണ്ട്

# ജി. ശങ്കരപ്പിള്ളയും കുട്ടികളുടെ നാടകവേദിയും

## 2.1. ജി. ശങ്കരപ്പിള്ളയുടെ ബാലനാടകസങ്കൽപം

കുട്ടികൾ മാത്രം ഉൾപ്പെടുന്ന ഒരു സംഘം അവതരിപ്പിക്കുന്നതു കൊണ്ട് അതു കുട്ടികളുടെ നാടകമാകണമെന്നില്ല. നാടകത്തിലെ പ്രധാന കഥാപാത്രങ്ങൾ കുട്ടികൾ ആയതുകൊണ്ടും കുട്ടികളുടെ നാടകം ആകണമെന്നില്ല. ജി. ശങ്കരപ്പിള്ള കുട്ടികളുടെ നാടകസങ്കൽപം എങ്ങനെയായിരിക്കണം എന്നതിനുദാഹരണമായി മഹാകവി രവീന്ദ്രനാഥടാഗോറിൻെറ 'പോസ്റ്റോഫീസ്' എന്ന നാടകം എടുത്തുകാണിക്കുന്നു. പോസ്റ്റോഫീസിലെ പ്രധാന കഥാപാത്രം ഒരു കുട്ടിയാണ്. പക്ഷേ നാടകത്തിൻെറ കഥാഘടനയും അതിൻെറ ഗൗരവവും അതു വികസിപ്പിച്ചെടുത്ത രീതിയും ആ നാടകത്തെ മുതിർന്നവർക്ക് ആസ്വദിക്കുവാനുള്ള ഒരു വഴിയാക്കി മാറ്റുന്നു. കുട്ടികൾക്ക് ഇണങ്ങുന്ന ഒരു സദസ്സിന് ആ നാടകത്തിലെ സന്ദേശം ഗ്രഹിക്കുവാനോ ആ നാടകത്തിൻെറ യഥാർത്ഥ മൂല്യം നിർണ്ണയിക്കുവാനോ സാധ്യമാകില്ലെന്ന് അദ്ദേഹം പറയുന്നുണ്ട്.

ആസ്വാദകമനസ്സിനെ ആർദ്രമാക്കുന്ന 'പോസ്റ്റോഫീസ്' എന്ന നാടകം നിഷ്കളങ്കത നിറഞ്ഞ കുരുന്നുകൾക്കു നൽകുന്നതിനോടും

ജി. ശങ്കരപ്പിള്ള യോജിക്കുന്നില്ല. കുട്ടികളുടെ നാടകത്തെ മുതിർന്നവരുടേതിൽ നിന്നും വ്യത്യസ്തമാക്കുന്നത് താഴെ പറയുന്നവയാണ്[1].

1. ഇതിവൃത്തത്തിന്റെ സ്വഭാവം.
2. ആന്തരികക്രിയാംശം വികസിപ്പിക്കുന്ന രീതി.
3. അരങ്ങിൽ സംവദിക്കുമ്പോഴുള്ള നാടകീയോപാധി.
4. രൂപവും ബാഹ്യഘടനയും.

നാടകത്തിന്റെ കഥാതന്തു കുട്ടികൾക്കു മനസ്സിലാകുന്നതായിരിക്കണം. അവരുടെ ചിന്തകളുടെയും സ്വപ്നങ്ങളുടെയും അനുഭവങ്ങളുടെയും പശ്ചാത്തലത്തിൽ വേണം നാടകകഥയുണ്ടാകുവാൻ. കുട്ടികളുടെ വിഷയത്തിൽ നിന്നും വ്യതിചലിച്ച ആശയമാണെങ്കിൽപ്പോലും അവർക്കു ചിന്തിക്കുവാനും പ്രതികരിക്കുവാനുമുള്ള കാര്യങ്ങൾ അതിലുണ്ടാകണം. കഥാഗതി കുട്ടികൾക്കു സ്വയം ആസ്വദിച്ചറിയുവാനുതകുന്നതായിരിക്കണം. കഥ യഥാർത്ഥമോ ഭാവനാ സമ്പന്നമോ ആയിക്കൊള്ളട്ടെ കുട്ടികൾക്ക് ഉൾക്കൊള്ളാനാകുന്ന മേഖലയിലൂടെ വേണം അതു സഞ്ചരിക്കുവാൻ. അവരുടെ യാഥാർത്ഥ്യവും ഭാവനയും നിറഞ്ഞ സ്മൃതിപഥങ്ങൾക്കു സ്വീകരിക്കുവാൻ പ്രാപ്തിയുള്ളതായിരിക്കണം ഇതിവൃത്തം.

കേരള സംസ്ഥാന ജവഹർ ബാലഭവൻ പ്രസിദ്ധീകരിച്ചിരുന്ന ബാലവാരികയായിരുന്നു 'തളിര്'. അതിന്റെ വിശേഷാൽ പതിപ്പിനു വേണ്ടി 'ഗുരുദക്ഷിണ'[2] എന്ന നാടകം ജി. ശങ്കരപ്പിള്ള രചിച്ചു. തിരുവനന്തപുരം വെഞ്ഞാറമ്മൂട് രംഗപ്രഭാത് അതു നാടകമായി അവതരിപ്പിച്ചു. കുട്ടികളുടെ നാടകത്തിന്റെ ഉത്തമദൃഷ്ടാന്തമായി അതു മാറി.

ഒരു കുട്ടിക്കു വേണ്ടതായ എല്ലാമുണ്ടതിൽ. നല്ല കുട്ടികളും ചീത്ത ക്കുട്ടികളും കൂട്ടുകാരൻ കുരങ്ങനും മാന്ത്രികപുഷ്പവും മായാവനവും എല്ലാമുണ്ട്. ഒരേസമയം ഫാൻറസിയും സദാചാരപാഠവുമുണ്ട്. നന്മയു ടെ വിജയവും തിന്മയുടെ പരാജയവുമുണ്ട്. ഗുരുവിൻെറ അനുഗ്രഹ വും സ്വാർത്ഥത നിമിത്തം മാരകമായി മാറിയ വിദ്യയുടെ ശാപവുമു ണ്ട്. ഫാൻറസിയും റിയലിസവും ഇടകലർന്നതും അദ്ഭുതവും ഭയവും കരുണയും സന്തോഷവും നിഴലിക്കുന്നതും ധർമ്മവും അധർമ്മവും എ ന്തെന്നു കാട്ടിത്തരുന്നവയുമാണ് ജി. ശങ്കരപ്പിള്ളയുടെ നാടകങ്ങൾ. ഗു രുകുലത്തിൽ അദ്ദേഹത്തോടൊപ്പം കഴിഞ്ഞ് അറിവും മന്ത്രസിദ്ധിയും സ്വായത്തമാക്കി വരുന്ന മിടുക്കരായ വിക്രമനും വീരനും ശക്തനും സു ശീലനും മഹാനായ ഗുരുവും അന്ധയായ ഗുരുപുത്രിയുമാണ് കഥാപാ ത്രങ്ങൾ. കൂട്ടുകാരനായി അനിലൻ എന്നൊരു കുട്ടിക്കുരങ്ങനുമുണ്ട്. ഗുരുദക്ഷിണ നൽകാൻ ആഗ്രഹിക്കുന്ന ശിഷ്യന്മാരോട് ഗുരു ആവശ്യ പ്പെട്ടത് തൻെറ പുത്രിയുടെ കാഴ്ച തിരികെ നൽകാൻ സാധിക്കുന്ന മാന്ത്രിക പുഷ്പം. കാട്ടിനുള്ളിൽ അതുതേടിയലയുന്ന ശിഷ്യന്മാരും സുശീലൻെറ പ്രാർത്ഥനയുടെ ഫലമായി ലഭിക്കുന്ന ദിവ്യപുഷ്പം മോഷ്ടിച്ചോടുന്ന കൂട്ടുകാരുടെ ദുഷ്കർമ്മങ്ങളും ഒടുവിൽ അധർമ്മം ശിക്ഷിക്കപ്പെടുന്നതും ധർമ്മം ജയിക്കുന്നതുമാണു കഥ. സുശീലയായ ഗുരുപുത്രിയുടെ കണ്ണു തെളിഞ്ഞ് അവൾ കുസൃതി കാട്ടുന്ന കുട്ടിക്കു രങ്ങനെ നോക്കി മധുരമായി പുഞ്ചിരിക്കുമ്പോൾ, കണ്ടിരിക്കുന്ന കുട്ടി കൾ ആനന്ദം കൊണ്ട് ആർത്തുരസിച്ചു പോകും.

നാടകത്തിൻെറ വളർച്ചയോടൊപ്പം കുരുന്നു മനസ്സുകളെ സ്വത ന്ത്രമായി കൊണ്ടുപോകാൻ കഴിയുന്ന വിധത്തിലായിരിക്കണം അതി

ൻെറ ഘടന. അതിനു ദൃഷ്ടാന്തമാണ് മേലുദാഹരിച്ചത്. ആന്തരിക ക്രിയാംശത്തിൻെറ വിന്യാസം കുട്ടികളുടെ നാടകരചനയെ സംബന്ധി ച്ചിടത്തോളം ഏറ്റവും സൂക്ഷ്മതയോടെ നിർവ്വഹിക്കേണ്ടതായ ഒന്നാ ണ്. 'കുട്ടികളുടെ ഭാവനാലോകം' എങ്ങനെ സഞ്ചരിക്കും എന്നതിനെ ക്കുറിച്ചു നാടകകൃത്തിനു വ്യക്തമായ കാഴ്ചപ്പടുണ്ടെങ്കിൽ മാത്രമേ ഇ തു സാധിക്കുകയുള്ളൂ. ഭാവനയ്ക്കായിരിക്കണം ഏറ്റവും പ്രാധാന്യം. ഇവിടെ യുക്തിഭംഗം ഒരു പ്രശ്നമായി മാറുന്നില്ല. നാടകത്തിൻെറ മൊ ത്തത്തിലുള്ള കെട്ടുറപ്പിനേക്കാൾ പ്രാധാന്യം സ്വതന്ത്രമായ പ്രവാഹ ത്തിനാണ്. നാടകാവതരണത്തിനിടയ്ക്ക് സങ്കീർണ്ണതയുടെ ചെറിയൊ രംശം രൂപപ്പെട്ടാൽപ്പോലും അവരുടെ ആസ്വാദനച്ചരടു പൊട്ടിപ്പോകും. ലളിതവും ആകർഷണീയവുമായ വിധത്തിൽ വേണം അതു വർണി ക്കുവാൻ.

ബാഹ്യഘടനയിലെ വൈവിധ്യമാണ് ഏറ്റവും പ്രാധാന്യമർഹിക്കു ന്ന മറ്റൊരംശം. നാടകഗതി ഒരേ രീതിയിൽ മുന്നോട്ടുപോയാൽ സ്വാ ഭാവികമായും വിരസമായിത്തീരും. ഭാവനാസമൃദ്ധമായ രീതിയിലായിരി ക്കണം വൈവിദ്ധ്യം സൃഷ്ടിക്കേണ്ടത്. അല്ലാതെ വന്നാൽ ക്രമാനുഗതി കത്വത്തിൻെറ തടസ്സമുണ്ടാകും. റിയലിസ്റ്റിക് തലത്തിനേക്കാൾ അവർ ക്കിഷ്ടം കാൽപനിക തലങ്ങളാണ്. ഇത്തരം ഘടകങ്ങളിലെല്ലാം കൂടു തൽ ശ്രദ്ധ കേന്ദ്രീകരിച്ച് രൂപം കൊണ്ടിട്ടുള്ളവയാണ് ജി. ശങ്കരപ്പിള്ള യുടെ നാടകങ്ങൾ. കുട്ടികളുടെ മനസ്സുമായി താദത്മ്യം പ്രാപിക്കുന്ന ര ചനാരീതി, അവരുടെ ഭാവനയെ പരിപോഷിപ്പിക്കാൻ അവസരമുണ്ടാ ക്കുന്ന വിധത്തിലുള്ള ഉപകരണങ്ങൾ, കുട്ടികൾക്കു പൂർണ്ണമായും തി രിച്ചറിയാൻ അവസരമൊരുക്കുന്ന കഥാപാത്രങ്ങളും സന്ദർഭങ്ങളും, നി

യതമായ ലക്ഷ്യത്തോടെ ഏച്ചുകെട്ടാതെ നാടകത്തിൽ ഉൾച്ചേർത്തിട്ടുള്ള സന്ദേശങ്ങൾ, കുട്ടികളുടെ മനസ്സ് നന്നായി ഏറ്റുവാങ്ങുന്ന വിധത്തിലുള്ള നാടകീയ മുഹൂർത്തങ്ങൾ എന്നീ പ്രത്യേകതകളാണ് ജി. ശങ്കരപ്പിള്ളയെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നത്.

### 2.1.1 സമഗ്രവീക്ഷണം

നാടകപാഠം, വിശേഷിച്ചും കുട്ടികൾക്കു വേണ്ടിയുള്ളതാകുമ്പോൾ, പൂർണ്ണവും ശക്തവുമായ ക്രിയാംശത്താൽ, ഋജുവും അനുഗൃഹീതവുമായിരിക്കണം. ബഹുജനസമ്മതിയോ വ്യാപാരവിജയമോ അല്ല, മറിച്ച് അതിനു നൽകുവാൻ കഴിയുന്ന പരിഷ്കൃതാശയരുടെയും അമല മനസ്കരുടെയും ഹൃദയത്തിലുണ്ടാകുന്ന ആഹ്ലാദാദ്ഭുതങ്ങളെ അടിസ്ഥാനമാക്കിയാണ് ഒരു നാടകകൃതിയുടെ മേന്മ നിശ്ചയിക്കേണ്ടത്. ബുദ്ധിമാന്മാരെയും ഭൗതികാതീതമായി ചിന്തിക്കുന്നവരെയും വിദ്യാസമ്പന്നരെയും പഠിപ്പു കുറഞ്ഞവരെയും പാകതയേറിയവരെയും ഇല്ലാത്തവരെയും എല്ലാം തുല്യമായി അതു രസിപ്പിക്കണം. കുട്ടികൾ നാടകം ആസ്വദിക്കുമ്പോൾ അവരുടെ ബാഹ്യപ്രകടനങ്ങളായാണ് അദ്ഭുതാഹ്ലാദങ്ങൾ പ്രത്യക്ഷപ്പെടുക. തങ്ങളുടെ നിഷ്കളങ്കതയെ തുറന്നുകാണിക്കും വിധത്തിൽ തികച്ചും ലളിതമനസ്കരായി, നിർദോഷമായി അവർ പ്രകാശിക്കുന്നു. ഇത്തരം നിഷ്കളങ്കപ്രകടനം മാത്രമല്ല, ആഹ്ലാദിക്കുന്നതിനോടൊപ്പം ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നവയായിരിക്കണം കുട്ടികളുടെ നാടകങ്ങൾ.

### 2.1.2. നാടകരചന

നാടകരചനയിലേർപ്പെടുന്ന എഴുത്തുകാരന് ആത്മാവിഷ്കാരം കൊണ്ടു മാത്രം കുട്ടികളുടെ നാടകരചന സാദ്ധ്യമാക്കാനാകണമെന്നി

ല്ല. കുട്ടികളുടെ മനസ്സിലേക്കിറങ്ങി, അവരോടൊപ്പം സഞ്ചാരം ചെയ്തു വേണം രചന നിർവഹിക്കുവാൻ. എങ്കിൽ മാത്രമേ ആനന്ദനിർഭരമായ ആസ്വാദനം കുട്ടികൾക്കു സാധ്യമാകൂ.

*"നാടകം കാണുമ്പോൾ കുട്ടിയുടെ അന്തരംഗം മുഴുവൻ ഒരു സംഗീതം സ്വരധാരയായി മാറുകയാണ്. വിവിധ സ്പർശപ്രതീതികളുടെ, ഓർമ്മകളുടെ, ഔചിത്യത്തിന്റെ, ബുദ്ധിയുടെ, ആത്മാവിന്റെ – എല്ലാം അവനിലുദ്ഭൂതമാകുന്ന അനുഭവങ്ങൾ സ്വപ്നങ്ങളെയും, വീക്ഷണനൈരന്തര്യത്തെയും, ബോധാബോധ തലങ്ങളെയും ഉൾക്കൊള്ളുന്ന ഒന്നാണ്. അടുത്ത മണിക്കൂറിലോ അതിവിദൂരഭാവിയിലോ ആയത് പുഷ്പഫലസമൃദ്ധമായെന്നു വരാം."* [3]

കുട്ടികളുടെ നാടകവേദി എന്ന സമഗ്രതയെ മുന്നിൽക്കാണുകയും ഒരു കുട്ടിയുടെ സമ്പൂർണ്ണമായ വളർച്ചയെ പ്രാഥമികലക്ഷ്യമായി കണക്കാക്കുകയും ചെയ്യുന്ന ഒരു കൃതിക്കു മാത്രമേ ബാലമനസ്സിന്റെ മുന്നിൽ രംഗവേദിയൊരുക്കപ്പെടുന്ന ത്രിമാനത്വമുള്ള, ഒരു നാടകമായി ശോഭിക്കുവാൻ കഴിയൂ. ജി. ശങ്കരപ്പിള്ള കുട്ടികളുടെ മനസ്സിനെ തൊട്ടറിഞ്ഞ നാടകകൃത്താണ്. കുട്ടികൾക്കുവേണ്ടി അദ്ദേഹം രചിച്ചിട്ടുള്ള എല്ലാ നാടകങ്ങളും അവരുടെ മനസ്സിനെയും ഭാവനാലോകത്തിനെയും തിരിച്ചറിഞ്ഞവയാണ്. തികഞ്ഞ ഉത്തരവാദിത്വത്തോടുകൂടി മാത്രമേ അദ്ദേഹം നാടകരചനയിൽ ഏർപ്പെടാറുള്ളൂ. മികച്ച സംവിധായകമനസ്സുകൂടിയുള്ള വ്യക്തിയായതിനാൽ നാടകകൃതിയിൽ ക്രിയാംശം ധാരാളമുണ്ടായിരിക്കുകയും ചെയ്യും.

## 2.2. ജി. ശങ്കരപ്പിള്ളയുടെ ബാലനാടകഘടന

കുട്ടികളുടെ നാടകം മലയാളത്തിൽ എത്രമാത്രം വികാസം പ്രാപിച്ചിട്ടുണ്ട്? എത്രമാത്രം ഗൗരവത്തോടെ അതു പ്രവർത്തനക്ഷമമാണ്? തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ചാൽ ലഘുവായ ഉത്തരമായിരിക്കും ലഭ്യമാകുക. ഈ സ്വഭാവവിശേഷം ബാലസാഹിത്യത്തിലും കാണാനാകും. വിദ്യാലയവുമായി ബന്ധപ്പെട്ടു നടത്തുന്ന കലാപരിപാടികളുടെ ഭാഗമായി തട്ടിക്കൂട്ടുന്ന ലഘുനാടകങ്ങളോ മത്സരനാടകങ്ങളോ ആണു കുട്ടികളുടെ നാടകങ്ങളെന്നവകാശപ്പെടുന്നവയിൽ കൂടുതലും. കുട്ടികളുടെ മനസ്സുകളെപ്പറ്റി വേണ്ടത്ര ഉൾക്കാഴ്ചയോ ബാലനാടകം എഴുതുന്നതിനെപ്പറ്റിയുള്ള വ്യക്തമായ അഭിപ്രായങ്ങളോ ഇല്ലാതെയുള്ള ഇത്തരം അവതരണങ്ങളിൽ വെറും സംഭാഷണം മാത്രമാണുണ്ടാകുക. വീടും വിദ്യാലയവും പരിസരവും കൂട്ടുകാരും പ്രകൃതിയുടെ വൈവിധ്യവും കാണുന്ന കുട്ടികളുടെ മനസ്സിനെ ഉപരിപ്ലവമായി സ്പർശിക്കുന്നവർക്ക് കുട്ടികളുടെ നാടകമെന്തെന്നു തിരിച്ചറിയാനായെന്നുവരില്ല. മുതിർന്നവരുടെ നാടകരചന നടത്തുന്നതിനേക്കാൾ കൂടുതൽ ശ്രദ്ധയോടെ വേണം കുട്ടികളുടെ നാടകങ്ങളെ സമീപിക്കാൻ. ധൃതിപ്പെട്ട് വിനോദത്തിനു മാത്രമായി ഒരു ബാലനാടകമെഴുതിവിടാമെന്നു വിചാരിക്കുന്നവരിൽ നിന്നും തികച്ചും വ്യത്യസ്തനായിരുന്നു ജി. ശങ്കരപ്പിള്ള.

കുട്ടികളുടെ മനസ്സിനെ ഏറ്റവും സൂക്ഷ്മമായി തിരിച്ചറിഞ്ഞ അവരുടെ വൈവിധ്യം നിറഞ്ഞ പെരുമാറ്റങ്ങളെ തൊട്ടറിഞ്ഞ നാടകകൃത്തും സംവിധായകനുമായിരുന്നു ജി. ശങ്കരപ്പിള്ള. അദ്ദേഹത്തിലെ ശൈശവസാന്നിദ്ധ്യം ഓരോ നാടകരചനാവേളയിലും പുറത്തുവന്നിരുന്നു. അതിനുദാഹരണങ്ങൾ അദ്ദേഹത്തിൻെറ നാടകങ്ങൾ തന്നെയാണ്.

ഭാഷയുടെയും അവതരണത്തിൻെറയും ലാളിത്യംകൊണ്ട് കുട്ടികളുടെ നാടകവേദിയുടെ ചൈതന്യമായി ജി. ശങ്കരപ്പിള്ള മാറി. മുതിർന്നവരുടെ നാടകവേദിയിൽ നിന്നും വ്യത്യസ്തമായി കുട്ടികളുടെ നാടകവേദിയെ ക്കാണുകയും അതേപ്പറ്റി ശുദ്ധവും സരളവുമായ സങ്കൽപം കാത്തു സൂക്ഷിക്കുകയും ചെയ്ത വ്യക്തിയാണദ്ദേഹം. എൻ. കൃഷ്ണപിള്ള കുട്ടി കളുടെ നാടകസങ്കൽപത്തെക്കുറിച്ച് ഇങ്ങനെ അഭിപ്രായപ്പെടുന്നു.

*"കുട്ടികളുടെ അന്തരംഗത്തെപ്പറ്റിയുള്ള ഉപജ്ഞാനങ്ങളിൽ പ്രധാനമായും രണ്ടു സങ്കൽപങ്ങളുണ്ട്. ഒന്ന് കുട്ടികളുടെ മനസ്സ് കുശവൻെറ കയ്യിലെ മണ്ണ് അവനിഷ്ടപ്പെടുന്ന രൂപത്തിൽ മെനെഞ്ഞെടുക്കാൻ കഴിയുന്നതുപോലെ മുതിർന്ന ആളുകളുടെ അഭീഷ്ടത്തിനും ആവശ്യത്തിനും അനുഗുണമായി രൂപപ്പെടുത്തിയെടുക്കുവാൻ സാധിക്കുമെന്നതാണ്. മാതാപിതാക്കന്മാരും അദ്ധ്യാപകരും ബന്ധപ്പെട്ട മറ്റു മുതിർന്നവരും വിചാരിക്കുമ്പോലെ കുട്ടിയെ പരിണമിപ്പിക്കാം, എന്നുള്ള ഈ ആശയം മിക്കവാറും യാഥാസ്ഥിതികമായ ഒന്നാണ്. ശിശുമനസ്സുകളിൽ അനന്തങ്ങളായ കഴിവുകൾ കുടികൊള്ളുന്നു എന്നും, അവയെ സ്വച്ഛന്ദമായി വികസിക്കാൻ വിടുക, അതിനനുകൂലമായ ഒരന്തരീക്ഷം ഉണ്ടാക്കിക്കൊടുക്കുക എന്നിവയാണു വേണ്ടതെന്നും, അതു ചെയ്യാതെ അവയ്ക്ക് കടിഞ്ഞാണിടുന്ന പക്ഷം കുട്ടികളുടെ വ്യക്തിത്വങ്ങൾ തേമ്പിക്കുരുടിച്ച് നശിക്കുകയേ ഉള്ളൂ എന്നും ആണ് മറ്റൊരു പക്ഷം."*[4]

ജി. ശങ്കരപ്പിള്ള എന്ന വ്യക്തിയിൽ ഉരുവെടുത്ത ഈ നാടകചിന്തയുടെ ഉദ്ഭവം അദ്ദേഹത്തിൻെറ കുട്ടിക്കാലത്തെ അനുഭവങ്ങൾ

തന്നെയായിരുന്നിരിക്കണം. കുട്ടികളെക്കൊണ്ട് മുതിർന്നവരുടെ വേഷങ്ങൾ ചെയ്യിച്ചിരുന്ന രീതിയായിരുന്നല്ലോ അക്കാലത്ത് പാഠശാലകളിൽ ഉണ്ടായിരുന്നത്. കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കാത്തതും അവരുടെ ഭാവനകൾക്ക് അന്യമായതുമായ നാടകമുഹൂർത്തങ്ങൾ മുതിർന്നവർ കാണിച്ചുകൊടുക്കുന്നതുപോലെ അഭിനയിച്ചിരുന്ന രീതി. മുതിർന്നവർ ഈ അവതരണരീതികണ്ട് രസിച്ചിരുന്നിരിക്കാം. എന്നാൽ കുട്ടികളുടെ സദസ്സിന് ഒട്ടും അനുയോജ്യമായിരുന്നില്ല ഇത്.

## 2.3. നാടകാസ്വാദനം-മുതിർന്നവരിലും കുട്ടികളിലും

ഭാവനാസമ്പന്നമാണ് കുട്ടികളുടെ മനസ്സ്. മുതിർന്നുകഴിയുമ്പോൾ അതിമനോഹരമായ ഈ ഭാവനാലോകത്തോടു യാത്രപറഞ്ഞ് ജീവിതയാഥാർത്ഥ്യവുമായി പൊരുത്തപ്പെട്ട് മറ്റു മുതിർന്നവരെപ്പോലെ ജീവിക്കാനാണ് എല്ലാവരും തയ്യാറാകുക. ഇതിനിടയിൽ അവരുടെ മനസ്സിലെ ബാല്യം എങ്ങോ നഷ്ടപ്പെട്ടിരിക്കും. ഇത്തരം നഷ്ടബാല്യങ്ങളെ കണ്ടെത്തി ഏതു പ്രതികൂലസാഹചര്യങ്ങളിലും അവയെ മനസ്സിലിട്ടു പാകപ്പെടുത്തി ലളിതവും സരളവുമായി കുട്ടികളുടെയും മുതിർന്നവരുടെയും ആസ്വാദകസദസ്സിനു നൽകിയെന്നുള്ളതാണ് ജി. ശങ്കരപ്പിള്ളയുടെ ബാലനാടകങ്ങളുടെ പ്രസക്തി. യഥാർത്ഥത്തിൽ മുതിർന്നവർ കുട്ടികളുടെ നാടകം കാണുമ്പോൾ ഇത്തരം നഷ്ടബാല്യം തിരിച്ചെടുക്കാനുള്ള ശ്രമമാണു നടക്കുന്നത്. അവരുടെ ഹൃദയത്തിൽ ജാഗ്രത്തായ ശിശുത്വം നാടകാവതരണവുമായി സംവദിക്കുമ്പോഴാണ് മുതിർന്നവരും നാടകം ആസ്വദിച്ചുവെന്നു പറയാനാകുക. അതുകൊണ്ടുതന്നെ ജി. ശങ്കരപ്പിള്ളയുടെ കുട്ടികളുടെ നാടകങ്ങൾ ചരിത്രപരമായ ഒരു ദൗത്യം

കൂടി നിർവഹിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ നാടകം ആസ്വദിക്കുന്നവർ ഒരു ബാല്യകാലാനുഭൂതി നുകരുകയും ചെയ്യുന്നു.

## 2.4. ഭാവനാവികാസം

തികച്ചും ഭാവനാത്മകമായ നാടകവേദിയാണു കുട്ടികളുടേത്. യാഥാർത്ഥ്യത്തേക്കാൾ ഭാവനയ്ക്കായിരുന്നു പ്രാധാന്യം. അതായത് ഭാവനയെ യാഥാർത്ഥ്യമായി ഉൾക്കൊണ്ടുകൊണ്ട് എഴുതുന്ന രീതിയായിരുന്നു അദ്ദേഹത്തിൻേറത്. കുട്ടികൾ മാത്രമായിരുന്നില്ല കഥാപാത്രങ്ങൾ. പക്ഷികൾ, മൃഗങ്ങൾ, കാടുകൾ, വനദേവതമാർ, ആകാശസഞ്ചാരികൾ തുടങ്ങിയവരെല്ലാം സംസാരിക്കുകകയും കരയുകയും ചിരിക്കുകയും കോപിക്കുകയും സന്തോഷിക്കുകയും ചെയ്യുന്ന വിശാലമായ ഇടമായിരുന്നു അത്. ഭാവനയും യാഥാർത്ഥ്യവും വേർതിരിക്കാനാകാത്ത വിധത്തിൽ അദ്ദേഹം നാടകീയമുഹൂർത്തങ്ങൾ സൃഷ്ടിച്ചു.

അഗാധങ്ങളായ ജീവിതപ്രശ്നങ്ങളെപ്പറ്റി, മുതിർന്നവരുടെ വേഷങ്ങളണിഞ്ഞു നിന്നുകൊണ്ടു കാണാപ്പാഠം പറയുന്ന സംഭാഷണങ്ങൾ നിറഞ്ഞ ലോകത്തുനിന്നും ജി. ശങ്കരപ്പിള്ള കുട്ടികളെ കൈപിടിച്ചുയർത്തിയത് ഭാവനാസമൃദ്ധമായ ഒരു ലോകത്തേക്കാണ്. മുതിർന്നവർ പഠിപ്പിച്ചുകൊടുക്കുന്ന അനുസരണക്കളിയിൽ നിന്നും കുട്ടികളുടെ സമ്പൂർണ്ണമായ ഭാവനാവികാസത്തിനും ആത്മാവിഷ്കാരത്തിനുമുള്ള ലോകമായി അതു പരിണമിച്ചു.

## 2.5. ക്രിയാംശങ്ങൾ (Actions)

നാടകം ഒരോ കഥാപാത്രത്തിലും ഉൾച്ചേരുന്ന ആഭ്യന്തരക്രിയാംശത്തിൻെറ ബാഹ്യാവിഷ്കാരം കൂടിയായിരിക്കണം. കുട്ടികൾ ഗൗരവത്തോടെ കളിക്കുന്നത് മുതിർന്നവർക്ക് രസം പകരുന്ന കാഴ്ചയാകാം. പക്ഷേ അനുകരണക്കളി കുട്ടികൾക്കു തികച്ചും ബാഹ്യമായ പ്രവർത്തനമായി മാത്രമേ അനുഭവപ്പെടുകയുള്ളൂ. കുട്ടികൾ ചെയ്യുന്ന ഓരോ പ്രവൃത്തിക്കും അർത്ഥസമ്പുഷ്ടമായ ഒരു ആന്തരതലം ഉണ്ടായേ മതിയാകൂ. ബാഹ്യക്രിയയെ ആവിഷ്കരിക്കുന്ന അഭിനേതാവ് ആ ആഭ്യന്തരക്രിയാംശത്തെ മനസ്സിലാക്കിയാൽ മാത്രം പോരാ അതിൻെറ വിഭിന്നഭാവതലങ്ങളെ ഉൾക്കൊള്ളുക കൂടി വേണം. അങ്ങനെ വരുമ്പോൾ കുട്ടികളുടെ നാടകങ്ങൾക്ക് പ്രമേയപരമായും, അതിൻെറ വികാസത്തോടനുബന്ധിച്ചും ആ ജീവിത കാലഘട്ടത്തിൻെറ പ്രത്യേകതകൾ ഉണ്ടായിരുന്നേ മതിയാകൂ. ജീവിതത്തിൻെറ എല്ലാ സംഭവങ്ങളും വേദിയിൽ അവതരിപ്പിക്കാൻ സാധിച്ചുകൊള്ളണമെന്നില്ല. അവതരിപ്പിക്കുന്നവയാകട്ടെ, കുട്ടികളുടെ ബുദ്ധിക്കും, മനസ്സിനും ഭാവനയ്ക്കും ഇണങ്ങുന്ന രീതിയിലുള്ള ആന്തരഘടകങ്ങൾ ഉണ്ടായിരിക്കുകയും വേണം. ഈ രചനാരീതിയാണ് ജി. ശങ്കരപ്പിള്ള സ്വീകരിച്ചിരുന്നത്.

## 2.6. മുത്തശ്ശി: സങ്കല്പനങ്ങളുടെ സമ്പൂർണ്ണബിംബം

### 2.6.1. ഇതിവൃത്തഗതിയെ നിയന്ത്രിക്കുന്ന മുത്തശ്ശി

ജി ശങ്കരപ്പിള്ളയുടെ കുട്ടികളുടെ നാടകങ്ങളിൽ മിക്കതിലും മുത്തശ്ശി ഒഴിവാക്കാനാകാത്ത ഒരു കഥാപാത്രമാണ്. 'പൊന്നുങ്കുടം', 'ഗുരുദക്ഷിണ', 'നിഴൽ' തുടങ്ങിയവയിൽ മുത്തശ്ശി കുട്ടികളോടൊപ്പം

പ്രവേശിക്കുന്നു. ഇതിവൃത്തഗതിയെ നിയന്ത്രിക്കുന്നത് ഈ മുത്തശ്ശി യാണ്. രംഗാഭിനയശിൽപത്തിന്റെ മുഖ്യഘടകങ്ങളായി മാറുന്നത് ഈ മുത്തശ്ശിയും കുട്ടികളുമാണ്.

മുത്തശ്ശി കഥ പറയാൻ മാത്രം പ്രത്യക്ഷപ്പെടുന്ന ഒരു നറേറ്ററല്ല. കുട്ടികളുടെ കൗതുകങ്ങൾക്കും അദ്ഭുതങ്ങൾക്കും ആധികൾക്കും വ്യാഖ്യാനം നൽകി ഒപ്പം മുത്തശ്ശിയുണ്ട്. നാടകത്തിന്റെ സർഗ്ഗാത്മകചലനങ്ങൾ നിറഞ്ഞ ഇടങ്ങളിലെല്ലാം അവർ കുട്ടികളോടൊത്തു സഞ്ചരിക്കുകയും അവ നാടകീയ മുഹൂർത്തങ്ങളായി പരിണമിക്കുകയും ചെയ്യുന്നത് കാണാനാകും. ആധുനികനാടകചിന്തകൾക്കും പൗരാണികനാടക ചിന്തകൾക്കും ഒത്തിണങ്ങും വിധത്തിലുള്ള കഥാപാത്രമാണു മുത്തശ്ശി. ഒരു കഥ പറച്ചിലിൽ നിന്നും അവർ ചിലപ്പോൾ പ്രധാനകഥാപാത്രമായി പരിണമിക്കുന്നു. 'നിഴൽ' എന്ന നാടകത്തിൽ ഇങ്ങനെ സംഭവിക്കുന്നതു കാണാം. ചിലപ്പോൾ അരങ്ങിൽ സംഭവിക്കുന്ന മാറ്റങ്ങൾ കൃത്യമായി വിശദീകരിച്ചു തരുന്ന കഥാപാത്രമായി മുത്തശ്ശി മാറുന്നു. ഇങ്ങനെ പ്രേക്ഷകരും അരങ്ങുമായുള്ള ബന്ധം നിലനിർത്തുന്നുണ്ട് മുത്തശ്ശി. എന്നാൽ വെറുമൊരു ആവിഷ്കരണോപാധി മാത്രമല്ല അവർ. മുത്തശ്ശി ഒരു 'മോട്ടിഫ്' ആയി മാറിയിരിക്കുന്നു. പുറം മോടികൾക്കപ്പുറം അവർ ഒരു പ്രതീകമാണ്. മാനുഷിക നന്മകളെ, മൂല്യങ്ങളെ പാരമ്പര്യത്തിന്റെ ഊർജം ചേർത്ത് തലമുറകൾക്കു കൈമാറുന്ന അറിവിന്റെയും അനുഭവത്തിന്റെയും നിറഞ്ഞ സാന്നിദ്ധ്യമാണു മുത്തശ്ശി. അവരുടെ ചുറ്റുപാടുമാണ് കുട്ടികൾ നിറയുന്നത്. ലോകം മുഴുവൻ നിറഞ്ഞുനിൽക്കുന്ന മാതൃബിംബമാണ് ആ അമ്മൂമ്മ.

മുതിർന്നവരെ അനുസരിച്ചുകൊണ്ടും അനുകരിച്ചുകൊണ്ടും കുട്ടികൾ അവതരിപ്പിച്ചിരുന്ന നാടകങ്ങൾ കാണുവാനും കുട്ടിക്കാലത്ത് അതിൽ പങ്കെടുക്കുവാനുമുള്ള അവസരങ്ങൾ ജി. ശങ്കരപ്പിള്ളയ്ക്കു ലഭിച്ചിരുന്നു. അതുകൊണ്ടുതന്നെ ബാലമനസ്സുകളിൽ അത്തരം നാടകങ്ങൾ അവതരിപ്പിക്കുന്ന സമയത്ത് അനുഭവിക്കേണ്ടിവരുന്ന പൊരുത്തക്കേടുകൾ അദ്ദേഹത്തിനു നന്നായിട്ടു തിരിച്ചറിയാനായി. താൻ വായിച്ചും അനുഭവിച്ചും ആലോചിച്ചുമെടുത്ത നാടകജ്ഞാനമാണ് അദ്ദേഹത്തെ കുട്ടികളുടെ നാടകം എങ്ങനെയായിരിക്കണം എന്നു ചിന്തിക്കാനായി പ്രേരിപ്പിച്ചത്. ഇതിവൃത്തം തിരഞ്ഞെടുക്കുന്നതിലും ക്രിയാംശവികാസത്തിന് നാടകീയോപാധികൾ കണ്ടെത്തുന്നതിലും ബാഹ്യക്രിയാംശം ഒരുക്കുന്നതിലും കുട്ടികളുടെ മനസ്സിനു രുചിക്കത്തക്ക നിർവഹണത്തിലേക്ക് നാടകത്തിനെ നയിക്കുന്നതിലും പ്രദർശിപ്പിക്കുന്ന സൂക്ഷ്മത അദ്ദേഹത്തിൻെറ സങ്കൽപത്തിൻെറ ദാർഢ്യമാണ് വ്യക്തമാക്കുന്നത്. 'ഗുരുദക്ഷിണ' തൊട്ട് എല്ലാ നാടകങ്ങളിലും ഇതു പ്രകടമാകുന്നു. അദ്ദേഹം രചിച്ചിട്ടുള്ള കുട്ടികളുടെ നാടകങ്ങളിൽ പലതിലും മുത്തശ്ശി പ്രത്യക്ഷപ്പെടുന്നു. പക്ഷേ മുത്തശ്ശിയില്ലാതെ ഒരു നാടകമില്ലെന്ന് അദ്ദേഹം ചിന്തിച്ചിരുന്നില്ലെന്ന് ഇതര നാടകങ്ങൾ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. മുത്തശ്ശി ഒരു പാത്രം എന്ന നിലയിൽ നിന്ന് ഒരു പ്രതീകം എന്ന നിലയിലേക്ക് ഉയർന്നു നിൽക്കുന്നു. ലോകനാടോടിക്കഥകളിലെങ്ങും കഥപറയുന്ന മുത്തശ്ശിമാർ നിറഞ്ഞു നിൽക്കുന്നുണ്ടല്ലോ.

മറ്റുള്ളവരേക്കാൾ അനുഭവസമ്പത്തുള്ള വ്യക്തിയാണു മുത്തശ്ശി. കർമകാണ്ഡത്തിൻെറ കെട്ടുപാടുകളിൽ നിന്നും മോചിതയായി സ്വാതന്ത്ര്യത്തിൻെറ സുഖദമാർന്ന മധുരം നുണയുന്നവൾ. അച്ഛനമ്മ

മാർക്കോ മറ്റു ബന്ധുമിത്രാദികൾക്കോ ഇല്ലാത്തവിധം അപാരമായ സ്നേഹവാത്സല്യങ്ങളോടെ കുട്ടികളുമൊത്തിരിക്കുന്ന മുത്തശ്ശി, അവരുടെ പഠനപ്രക്രിയകളെക്കാൾ സർഗ്ഗപ്രക്രിയയ്ക്കു പ്രാധാന്യം നൽകുന്നു. സ്വയംമറന്ന് അഭിനയിച്ച് നാടകീയ മുഹൂർത്തങ്ങൾ നിറച്ച് കഥ പറയുന്നു – ഇങ്ങനെ ബഹുമുഖങ്ങളായ സങ്കൽപനങ്ങളുടെ സമ്പൂർണ്ണതയാണ് മുത്തശ്ശിയെന്ന പ്രതീകം.

ജി. ശങ്കരപ്പിള്ള കഥ പറയാൻ മാത്രമല്ല മുത്തശ്ശിയെ കൊണ്ടുവരുന്നത്. കുട്ടികളുടെ കളി കണ്ടു കൊണ്ടിരിക്കുന്നു. അവരോടൊപ്പം കളിക്കുന്നു. കളിക്കു വിരാമമിടുന്നു. കളിക്കുന്നതോടൊപ്പം പഠിപ്പിക്കുന്നു. കഥ പറയുന്നു, കഥ പറയാനിരിക്കുന്നു, കഥ പറയുന്നതിനിടയിൽ അപ്രത്യക്ഷയാകുന്നു, അപ്രത്യക്ഷയായിട്ട് തോന്നുമ്പോലെ പ്രത്യക്ഷയാകുന്നു, കഥയെ പിന്നാക്കം കൊണ്ടു പോകാനും മുന്നാക്കം കൊണ്ടു പോകാനും മുത്തശ്ശിക്കു കഴിയുന്നു. നാടകത്തിൻെറ ഭാവനാലോകങ്ങൾ സൃഷ്ടിക്കുന്നതിലും അതിനെ യാഥാർത്ഥ്യവുമായി കൂട്ടിയിണക്കുന്നതിലും അരങ്ങിനെ അരങ്ങല്ലാതാക്കുന്നതിലും പ്രത്യേകരൂപത്തിൽ അരങ്ങിനെ മാറ്റിയെടുക്കുന്നതിലും ശ്രദ്ധ ചെലുത്തുന്ന മുത്തശ്ശി കുട്ടികളുടെ മുത്തശ്ശി ആയിരിക്കുന്നതുപോലെ കഥാഗതിയെ നിയന്ത്രിക്കുന്ന നാടകകൃത്തിൻെറ ഉപകരണം കൂടിയായി മാറുന്നുണ്ട്. ഇത് അത്യപൂർവമായ ഒരു നാടകാനുഭവവും ആസ്വാദനവും കാഴ്ചക്കാരിൽ ഉളവാക്കുന്നു. അനുയോജ്യമായ ഇതിവൃത്തം തിരഞ്ഞെടുക്കുന്നതിലും ക്രിയാംശപ്രധാനമായ നാടകീയമുഹൂർത്തങ്ങൾ സൃഷ്ടിക്കുന്നതിലും കുട്ടികളുടെ മനസ്സിനു ചേരുന്ന വിധത്തിൽ നിർവഹണത്തിലേക്ക് നാടകത്തെ നയിക്കുന്നതിലും പ്രദർശിപ്പിക്കുന്ന സൂക്ഷ്മത അദ്ദേഹത്തി

ന്റെ നാടകസങ്കൽപത്തിന്റെ ദാർഢ്യമാണ് വ്യക്തമാക്കുന്നത്. 'ഗുരുദക്ഷിണ' തൊട്ട് എല്ലാ നാടകങ്ങളിലും ഇത് വ്യക്തമാകുന്നു. അനുഭവങ്ങളുടെയും അറിവിന്റെയും സ്നേഹവാത്സല്യങ്ങളുടെയും ഭാരംകൊണ്ട് കൂനിപ്പോയ മുത്തശ്ശി വാർദ്ധക്യം കൊണ്ട് നട്ടെല്ലു വളഞ്ഞുപോയ ഒരു ദയനീയരൂപമായല്ല ജി.ശങ്കരപ്പിള്ളയുടെ നാടകത്തിൽ പ്രത്യക്ഷപ്പെടുന്നത്. നിഷ്കളങ്കരായ കുട്ടികളുടെ മനസ്സോളം താഴ്ന്നിറങ്ങി അവരുടെ ചിന്തകളെ സ്പർശിക്കുന്ന വിശുദ്ധിയുടെ പ്രതീകമാണു മുത്തശ്ശി. യാഥാർത്ഥ്യത്തിൽ മുങ്ങിയ കയ്പേറിയ ജീവിതാനുഭവങ്ങൾക്കും തിരക്കുകൾക്കുമിടയിൽ ഭാവനാസമൃദ്ധമായ ലോകം വിരിച്ചിട്ട് കുട്ടികളെ കാത്തിരിക്കുകയാണു ജി. ശങ്കരപ്പിള്ളയുടെ മുത്തശ്ശി.

## 2.6.2. കഥപറയും മുത്തശ്ശി

കഥകേൾക്കാൻ ഇഷ്ടപ്പെടാത്ത കുട്ടികളില്ല. തങ്ങൾക്കിഷ്ടമുള്ള കഥയാണെങ്കിൽ അവർ കാതും കൂർപ്പിച്ചിരിക്കും. കുട്ടികൾ അവർ കേൾക്കുന്ന കഥയുടെ ശരിയിലും തെറ്റിലും മുഴുകിയിരിക്കുന്നവരാണ്. ബാലനാടകരചന നിർവഹിക്കുന്ന നാടകകൃത്ത് നാനാജഗന്മനോരമ്യവും മാനവികവുമായ യാഥാർത്ഥ്യങ്ങളെ നല്ല രീതിയിൽ ആവിഷ്കരിക്കാൻ ബാദ്ധ്യസ്ഥരാണ്. പക്ഷികൾ, മൃഗങ്ങൾ, മരങ്ങൾ, ധാത്രികഥകൾ, വീരനായകകഥകൾ, ഗുണപാഠകഥകൾ ഇങ്ങനെ കുട്ടികൾക്കിഷ്ടപ്പെടുന്ന ഏതുമാർഗ്ഗത്തിലൂടെയും ജീവിത യാഥാർത്ഥ്യങ്ങളെ നാടകത്തിൽ ആവിഷ്കരിക്കണം. ഇത്തരം ജീവിത യാഥാർത്ഥ്യങ്ങളും നന്മകളും ഗുണപാഠവും നാടകത്തിൽ നിന്നും വേർതിരിക്കാനാകാത്ത വിധത്തിൽ ഉൾച്ചേർത്തിരിക്കുന്നുവെന്നതിനു ചില ഉദാഹരണങ്ങൾ.

*മുത്തശ്ശി: (സദസ്സിനോടായി) "പണം കിട്ടിയപ്പോ മുത്തശ്ശിയെ പ്പോലും വിളിക്കാൻ നിൽക്കാതെ മിടുക്കന്മാർ കടന്നു കളഞ്ഞല്ലോ. ഇ നി തപ്പിത്തടഞ്ഞു ഞാനും പോട്ടെ. എന്തൊക്കെപ്പറഞ്ഞാലും ഒരു കാ ര്യം നേരാണ്. അവനവൻ നേരിട്ടറിയുമ്പോഴാണ് ഓരോന്നിൻെറയും നന്മയും തിന്മയും നൽപും തിൽപും നമ്മളറിയുന്നത്. അല്ലേ? കൂട്ടരെ ന്തു പറയുന്നു?"*[5]

*ദേവത: "ഈ പൂക്കൾ! കുഞ്ഞുമോൾ കൊണ്ടുവന്ന പൂക്കൾ അ വ നിസ്സാരങ്ങളായ പൂക്കളാകാം. പക്ഷേ നിങ്ങൾ മോഷ്ടിച്ചും ചതി ച്ചും ഈ എങ്ങും കിട്ടാത്ത പൂക്കൾ നേടിയില്ലെ. അപ്പോൾ അവൾ അ പ്പൂവിനെ ശുശ്രൂഷിച്ചു സ്നേഹത്തിൻെറ പാതയിലൂടെ പോയി. കടമ യുടെ കൊച്ചു കൈത്തിരിയായി അങ്ങനെ അവൾ ഈ കിരീടം നേടി!"* [6]

ജീവിതമൂല്യങ്ങളുടെ പ്രാധാന്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ നന്മയിലേക്കുള്ള വഴി തുറന്നുകൊടുക്കുന്ന സന്ദേശങ്ങ ളാണ് ഓരോ നാടകത്തിലും സമൃദ്ധമായുള്ളത്. എന്നാൽ ഇതെന്ത്? ഗുണപാഠഘോഷം മാത്രം നിറഞ്ഞതല്ലേ ഈ നാടകം എന്ന ചെടിപ്പും അനുഭവപ്പെടുന്നില്ല. നാടകകാരൻ അത്ര മാത്രം ഉത്തരവാദിത്വത്തോടെ ക്രിയാംശവും കലാംശവും നഷ്ടപ്പെടാതെയാണ് രചന നിർവ്വഹിച്ചിരി ക്കുന്നത്. കുട്ടികളുടെ മദ്ധ്യത്തിലേക്ക് യാതൊരു പ്രതിബന്ധവുമില്ലാ തെ ജീവിതസന്ദേശങ്ങൾ നിറഞ്ഞ ഭാവനാസമ്പന്നമായ ഈ നാടക ങ്ങൾ ഒഴുകിയെത്തുമെന്നു നിസ്സംശയം പറയാം. കാരണം അത്തരം അ വതരണങ്ങൾക്കനുയോജ്യമായ നിറങ്ങളും നൂലുകളുമാണ് നാടകത്തി ലുടനീളം ഉപയോഗിച്ചിരിക്കുന്നത്. രംഗാവതരണത്തിൽ സംഗീതവും

നൃത്തവും അഭിനയവും കളിയും ഇഴ ചേർന്ന സ്വപ്നസമാനമായ ദൃശ്യാനുഭവങ്ങൾ നിറയ്ക്കുന്നതിൽ ശങ്കരപ്പിള്ള വിജയിച്ചിരുന്നു.

## 2.6.3. മുത്തശ്ശിയും ഗുരുനാഥനും

കുട്ടികളുടെ സങ്കൽപങ്ങൾക്കു ചിറകുകൾ നൽകുന്നതും, യാത്രകൾക്കു കരുത്തുപകരുന്നതും മൂല്യങ്ങളെ വിചാരണചെയ്യുന്നതും അറിവു പകരുന്നതും എല്ലാം രണ്ടു ശക്തിവൃക്ഷങ്ങളാണ്. മുത്തശ്ശിയും ഗുരുനാഥനും. ജി. ശങ്കരപ്പിള്ളയുടെ ഭൂരിഭാഗം നാടകത്തിലും മുത്തശ്ശിയോ ഗുരുനാഥനോ കഥാപാത്രങ്ങളായിരിക്കും. പുഷ്പകിരീടത്തിൽ ഗുരുവിനു പകരം അപ്പൂപ്പനാണുള്ളത്. അദ്ദേഹമാണു കുഞ്ഞുമോൾക്കു പൂങ്കുല പറിച്ചുകൊടുക്കുന്നത്. ഈ പ്രകൃതിയുടെ നിയമം അപ്പൂപ്പനറിയാം. മുത്തശ്ശി ഈ ഗുരുവിനെ ചൂണ്ടിക്കൊടുക്കുകയാണ്. സാധാരണ ജീവിതത്തിന്റെ തലത്തിൽ നിൽക്കുന്ന മുത്തച്ഛൻ മുതൽ അല്ലെങ്കിൽ പിതൃസങ്കൽപം മുതൽ നിഴലിലെ അവധൂതൻ എന്ന സങ്കൽപം വരെ വ്യാപകത്വമുണ്ട് ഈ ഗുരുസങ്കൽപത്തിന്.

ഒരേ സമയം ഒരു സാധാരണ മനുഷ്യസങ്കൽപമായും ഒരതീത സങ്കൽപമായും നിലനിൽക്കുന്ന ഒന്നാണിത്. നിഴലിലെ അവധൂതൻ – പിതാവിനെപ്പോലുള്ള ഒരു സന്ന്യാസി – ഒരു ഗുരു – വന്നിട്ട് അഗാധവും അപാരവുമായ ജ്ഞാനം കുട്ടികൾക്കു നൽകുകയും അവർക്കു അപ്രാപ്യമായ ഒരു തലത്തെക്കുറിച്ച് ബോധമുണ്ടാക്കിക്കൊടുക്കുകയുമാണു ചെയ്തത്. മഹാനായ പിതാവ് എന്ന പിതൃസങ്കൽപം – എല്ലാ നാടകങ്ങളിലും കാണാം – ഗുരുദക്ഷിണയിൽ മുത്തശ്ശിയാണ് ഗുരുവിനെ കുട്ടികൾക്കു കാണിച്ചു കൊടുക്കുന്നത്.

### 2.6.4. സൂത്രധാരനും മുത്തശ്ശിയും

യഥാർത്ഥ്യത്തിൻെറ ദുരിതസ്മരണകളിൽ നിന്നും സങ്കൽപസൗധത്തിലേക്കു മുതിർന്നവരെക്കൂടി കൂട്ടിക്കൊണ്ടു പോകുവാൻ ഈ മുത്തശ്ശിക്കു കഴിഞ്ഞു. ഒരു സൂത്രധാരനു നാടകത്തിലുള്ള സ്ഥാനമാണു ജി. ശങ്കരപ്പിള്ള തൻെറ ബാലനാടകങ്ങളിൽ മുത്തശ്ശിക്കു നൽകിയതെന്ന അഭിപ്രായം നാടകചിന്തകർക്കിടയിൽ നിന്നും ഉയർന്നു വന്നിരുന്നു. മുത്തശ്ശി ചിലയിടങ്ങളിൽ നാടകത്തിൻെറ മുന്നൊരുക്കങ്ങളും മറ്റും നടത്തുന്നതാണ് അങ്ങനെ തോന്നാനിടയായ സാഹചര്യം. പക്ഷേ അതിൽ നിന്നും എത്രയോ വിശാലമായ ഒരു മേച്ചിൽപ്പുറമാണു ജി മുത്തശ്ശിക്കു നൽകിയത്. ശങ്കരപ്പിള്ളയുടെ മുത്തശ്ശി മനുഷ്യസമൂഹം ജന്മം കൊണ്ട കാലം മുതൽ ലോകം മുഴുവൻ നിറഞ്ഞു നിൽക്കുന്ന, എല്ലാവർക്കും നന്മയുടെ കഥകൾ യാതൊരു ചെടിപ്പുമില്ലാതെ പറഞ്ഞുകൊടുക്കുന്ന കാന്തശക്തി നിറഞ്ഞ കഥാപാത്രമാണ്. മുതിർന്നവരിൽപ്പോലും മറഞ്ഞിരിക്കുന്ന ബാലഭാവങ്ങളെ ഉണർത്തിവിടാൻ കരുത്തുണ്ട് ആ കാന്തത്തിന്.

മുത്തശ്ശിയെപ്പോലെ തന്നെ തൻെറ സാന്നിദ്ധ്യം സ്വയം വിളിച്ചറിയിക്കാതെ തുടക്കം മുതൽ ഒടുക്കം വരെ സംഗീതസാന്ദ്രമായി തെളിനീരൊഴുക്കായി മനസ്സിലെ പച്ചയുടെ സാന്നിദ്ധ്യമായി പ്രകൃതി നിലകൊള്ളുന്നുണ്ട്. കുട്ടികൾ കല്ലും മുള്ളും നിറഞ്ഞ ഈ ലോകത്ത് ഒരു കാൽ ചവിട്ടുമ്പോൾ മറുകാൽ മനോഹരമായ പ്രകൃതിയിലും വച്ചുകൊണ്ടാണു സഞ്ചരിക്കുന്നത്. നന്മയെ സ്വീകരിക്കാനും തിന്മയെ തിരസ്കരിക്കാനും അദ്ദേഹത്തിൻെറ ബാലനാടകങ്ങൾ പഠിപ്പിക്കുന്നു.

## 2.7. പ്രമേയം

ജി. ശങ്കരപ്പിള്ള നാടകത്തിൻെറ പ്രധാന പ്രമേയം തിരഞ്ഞെടുക്കുമ്പോൾ കുട്ടികൾക്കു കൂടുതൽ ഉത്സാഹവും കൗതുകവും ജിജ്ഞാസയും ഉളവാക്കുന്ന കഥാതന്തുക്കൾ തേടിപ്പോകാറുണ്ട്. പ്രത്യേക സൂചകങ്ങളെ കേന്ദ്രീകരിച്ചുള്ള അദ്ദേഹത്തിൻെറ സഞ്ചാരം കൗതുകകരമാണ്. സ്വാതന്ത്ര്യം, അന്വേഷണം, മുത്തശ്ശി, ഗുരു, കളികൾ, കലഹങ്ങൾ പ്രകൃതി.. ഇങ്ങനെ പോകുന്നു ഇത്തരം സൂചകങ്ങൾ.

### 2.7.1. അന്വേഷണം

അന്വേഷണം എന്ന സൂചകമെടുക്കാം. 'ഗുരുദക്ഷിണ' എന്ന നാടകത്തിൽ ഗുരുപുത്രിയുടെ കാഴ്ചശക്തി തിരിച്ചുകിട്ടാൻ വേണ്ടി വനാന്തർഭാഗത്തുള്ള പുഷ്പത്തിനകത്തെ മഞ്ഞുതുള്ളി തേടിയുള്ള സുശീലനുൾപ്പെടെയുള്ള ശിഷ്യഗണങ്ങളുടെ അന്വേഷണം.

*ഗുരു: "ഇതിൻെറയുള്ളിൽ-ഉള്ളിൻെറയുള്ളിൽ... കൊടും കാട്... അതിൻെറ ഹൃദയാന്തർഭാഗത്ത്... കാട്ടുമരങ്ങൾ കൊണ്ടൊരു ഗുഹ... അതിന്നിടയിൽ വർഷങ്ങൾക്കകം ഒരിക്കൽ മാത്രം പൂക്കുന്ന ഒരു ചെടിയുണ്ട്. അതിൻെറ പൂവു കിട്ടിയാൽ... അതിൻെറ ദലങ്ങൾക്കകത്ത് ഉറഞ്ഞിട്ടുള്ള മഞ്ഞുതുള്ളി ഒഴിച്ചാൽ... എൻെറ മകളുടെ കാഴ്ച തിരിച്ചുകിട്ടും. പറയൂ. നിങ്ങൾക്കു സാധിക്കുമോ, അതുകൊണ്ടു വരാൻ."* [7]

#### 2.7.1.1. കളവുപോയ വൈരമാല തേടി

'നിഴൽ' എന്ന നാടകം രാജ്ഞിയുടെ കളവുപോയ വൈരമാല തേടിയുള്ള യാത്രയാണ്.

*ഭടൻ-1: "ബുദ്ധിയുണ്ടെങ്കിൽ പിന്നെ ഈ ഭടന്റെ കുപ്പായം എന്തിന്? കുന്തം പിടിച്ചുകൊണ്ടുള്ള ഈ നടപ്പ്?"*

*ഭടൻ-2: "അതൊക്കെ മാറും. രാജ്ഞിയുടെ കളവുപോയ വൈരമാല ഞാൻ കണ്ടുപിടിക്കും. അതു തിരുമുമ്പിൽ കൊണ്ടുപോയി സമർപ്പിക്കും."*[8]

### 2.7.1.2. സ്നേഹവും സുരക്ഷിതത്വവും

'മദ്ദളങ്ങൾ' എന്ന നാടകത്തിൽ കുട്ടികൾ അന്വേഷിക്കുന്നത് സ്നേഹവും സുരക്ഷിതത്വവുമാണ്. നാടകകൃത്തെന്ന നിലയ്ക്ക് അഗാധമായ മാനുഷികതലങ്ങളോടു ബന്ധപ്പെട്ടിട്ടുള്ള ജി ശങ്കരപ്പിള്ളയുടെ ജീവിതദർശനത്തെ രൂപവൽക്കരിക്കുന്ന തരത്തിലുള്ള, ജീവിത ദർശനത്തിന് നാടകീയമായി രൂപം നൽകുന്ന തരത്തിലുള്ള ഒരു പാറ്റേണാണ് - ഒരു സന്ദർഭക്രമമാണ് ഈ അന്വേഷണം എന്നു പറയുന്നത്. കുട്ടികളുടെ നാടകങ്ങളെഴുതുമ്പോൾ അദ്ദേഹം ഈ അന്വേഷണത്തെക്കുറിച്ച് - പൂവു പറിക്കാൻ പോയ - അല്ലെങ്കിൽ രത്നമെടുക്കാൻ പോയ കുട്ടിയുടെ കഥയുമായി - സാർവ ലൗകിക, കഥാപ്രമേയവുമായി ഈ അന്വേഷണബുദ്ധിയെ അല്ലെങ്കിൽ അന്വേഷണദർശനത്തെ ബന്ധപ്പെടുത്തുന്നു. അന്വേഷണമെന്ന ആദ്ധ്യാത്മിക സങ്കൽപം ഈ നാടകങ്ങൾക്ക് നൽകുന്ന സൗന്ദര്യപരമായ അധികമാനം ശ്രദ്ധേയമാണ്.

ലോകത്തെവിടെയുമുള്ള കുട്ടിക്കഥകളിലും ഇത്തരം അന്വേഷണം കാണാനാകും. നിധി അന്വേഷിച്ചു പോകുന്ന കുട്ടികളെ സർഗ്ഗാ

ത്മകമായി അദ്ദേഹം അവതരിപ്പിച്ചു. അന്വേഷണത്തിൻെറ ഇടയ്ക്ക് ഉയർന്നുവരുന്ന സ്വാർത്ഥബുദ്ധികൾ– അന്വേഷണത്തിൽ പെട്ടെന്നു കിട്ടുന്ന കനകം മൂലമുണ്ടാകുന്ന കലഹങ്ങൾ – അന്വേഷണത്തിൽക്കൂടി വെളിവാകുന്ന അതുവരെ ഒളിച്ചുവച്ചിരുന്ന ദുഷ്ടബുദ്ധികൾ, അവസാനം ഈ ദുഷ്ടബുദ്ധിയുടെയും തിന്മയുടെയും മേൽ നന്മയും സ്നേഹവും സൗന്ദര്യവും വരിക്കുന്ന വിജയം. ഈ ഒരു സംവിധാനം 'ഗുരുദക്ഷിണ' മുതൽ 'മദ്ദളങ്ങൾ' വരെയുള്ള എല്ലാ നാടകങ്ങളിലും കാണാൻ കഴിയും.

## 2.8. 'പുഷ്പകിരീടം'

സ്വന്തം അദ്ധ്വാനത്തിൻെറയും കടമയുടെയും മഹത്വം സ്വയം അനുഭവിച്ചറിയുന്ന രീതിയിൽ ഒരു പ്രസിദ്ധ നടോടിക്കഥയിൽ നിന്നും രൂപപ്പെടുത്തിയ കുട്ടികളുടെ നാടകമാണു ജി. ശങ്കരപ്പിള്ളയുടെ 'പുഷ്പകിരീടം'[9]. കെ. കൊച്ചുനാരായണപിള്ള സംവിധാനം നിർവ്വഹിച്ച ഈ നാടകം 1970 സെപ്റ്റംബർ 19 ന് തിരുവനന്തപുരം ജില്ലയിലെ വാമനപുരം എൽ. പി. സ്കൂളിൽ ആദ്യമായി അവതരിപ്പിച്ചു. തുടർന്ന് കോന്നിയിലെ ജവഹർ ബാലഭവനിലും 1975 ജനുവരിയിൽ വെഞ്ഞാറമ്മൂടു ഹൈസ്കൂളിലും അരങ്ങേറി. എന്തു കിട്ടിയെന്നല്ല; എവിടെ നിന്നു കിട്ടി? എങ്ങനെ കിട്ടി? അതാണു പ്രധാനമെന്നു കുട്ടികൾക്കു പകർന്നു നൽകുന്ന മുത്തച്ഛൻെറ സംഭാഷണമാണു നാടകസന്ദേശം. ന്യായവും, സത്യവും, നീതിയും എല്ലാം ഒത്തിണങ്ങിക്കിട്ടിയാലേ ശാശ്വതസുഖമുണ്ടാകൂ. അപ്പൂപ്പൻ കുഞ്ഞുമോൾക്കു നൽകുന്ന ഉപദേശം മുഴുവൻ കുട്ടികൾക്കുമുള്ളതാണ്.

സത്യസന്ധതയുടെയും നന്മയുടെയും തുറന്ന പുസ്തകമാണു 'പുഷ്പകിരീടം'. മനോഹരമായ കാടാണു നാടകാരംഭത്തിലെ രംഗവേദി. അവിടെ ഒളിച്ചു കളിച്ചു രസിക്കുന്ന ബാലൻ, രവി, ഗീത, കുഞ്ഞുമോൾ എന്നീ കുട്ടികൾ. കുഞ്ഞുമോൾ എണ്ണാൻ തുടങ്ങിയപ്പോൾ കുട്ടികൾ ഓടിയൊളിക്കുന്നു. ലതാനികുഞ്ജത്തിൽ നിന്നുള്ള ശബ്ദവും പൊട്ടിച്ചിരിയും കേട്ടു ഭയന്ന ഭാവത്തോടെ നിൽക്കുന്ന അവൾക്കു മുന്നിൽ വനദേവത പ്രത്യക്ഷപ്പെടുന്നു. അവരുടെ കയ്യിൽ അതിമനോഹരമായ ഒരു പുഷ്പകിരീടമുണ്ട്. തനിക്കു പാട്ടുപാടിക്കേൾപ്പിച്ചു തരാറുള്ള വാതരോഗിയായ അപ്പൂപ്പനെക്കുറിച്ചോർത്തുള്ള സങ്കടം കുഞ്ഞുമോൾ ദേവതയുമായി പങ്കുവയ്ക്കുന്നു. ദേവതയുടെ ആഗ്രഹപ്രകാരം അവൾ പരിസരഭാഗങ്ങളിൽ ഒളിച്ചിരുന്ന കൂട്ടുകാരെ തിരിച്ചു വിളിക്കുന്നു. ഉത്സാഹം നശിച്ച നിലയിൽ അവൾക്കു മുന്നിലെത്തിയ കൂട്ടുകാർ വനദേവതയെക്കണ്ട് അതിശയിച്ചു നിൽക്കുന്നു. കുട്ടികളുടെ സാന്നിദ്ധ്യത്തെക്കുറിച്ച് വനദേവത പറയുന്നു.

"*നിങ്ങൾ വരണം, വന്നു കളിക്കണം. പാടണം. ആടണം. നിങ്ങളുടെ പൊട്ടിച്ചിരി കൊണ്ടല്ലേ ഇവിടത്തെ ഈ മരങ്ങളൊക്കെ മറ്റുള്ളവയ്ക്കു മുമ്പു തന്നെ പൂക്കുന്നത്.*"[10]

താൻ നടത്താൻ പോകുന്ന മത്സരത്തിൽ ജയിക്കുന്നയാൾക്കു പുഷ്പകിരീടം നൽകുമെന്ന് ദേവത വാഗ്ദാനം ചെയ്യുന്നു. ഒരാഴ്ച കഴിഞ്ഞു അതേ സ്ഥലത്ത്, അതേസമയത്ത് തങ്ങൾക്കു കൊണ്ടു പോരാവുന്ന ഏറ്റവും അപൂർവ്വവും വിശിഷ്ടവുമായ പൂവ് കൊണ്ടുവരുന്ന കുട്ടിക്ക് പുഷ്പകിരീടം നൽകും. ഒരാൾ തേടുന്ന പൂവ് മറ്റൊരാളെ

കാണിക്കരുത്. പൊതിഞ്ഞു കെട്ടിക്കൊണ്ടു വരണം. ഏറ്റവും അപൂർവ്വ മായ പൂവ് ആരു കൊണ്ടു വരുന്നുവോ അയാൾക്കാണു സമ്മാനം. വ നദേവതയുടെ വാക്കുകൾക്കു കുട്ടികൾ സമ്മതം മൂളുന്നു.

കുഞ്ഞുമോളുടെ വീടാണു രണ്ടാം രംഗത്തിലെ വേദി. അവൾ വാതരോഗിയായ അപ്പൂപ്പനോടു തലേദിവസം കാട്ടിൽ വച്ചുണ്ടായ സം ഭവങ്ങൾ വിശദീകരിക്കുന്നു. മറ്റു കുട്ടികൾ പൂവു തേടിപ്പോകുമ്പോൾ താൻ പോയാൽ, അസുഖം ബാധിച്ചു കിടക്കുന്ന തൻെറ അപ്പൂപ്പൻ ഒറ്റയ്ക്കാകുമല്ലോയെന്നു സങ്കടപ്പെട്ടു കുഞ്ഞുമോൾ വീട്ടിൽത്തന്നെ ക ഴിയുന്നു. മൂന്നാം രംഗം തെരുവിൽ പൂക്കൾ വിറ്റു കഴിയുന്ന പൂക്കാ രിപ്പെണ്ണിലൂടെയാരംഭിക്കുന്നു. അപൂർവ്വമായ പൂവുതേടിയെത്തിയ ബാ ലൻ പൂക്കാരിപ്പെണ്ണിൽ നിന്നും അതു വാങ്ങുവാനൊരുങ്ങുന്നതിനിട യിൽ അമ്മ വിളിക്കുന്ന ശബ്ദം കേട്ട് അവൾ അങ്ങോട്ടോടിപ്പോകു ന്നു. അവൾ ദൂരെയായോയെന്നു നോക്കി തീർച്ചപ്പെടുത്തിയ ബാലൻ പൂക്കൂട മോഷ്ടിച്ച് ഓടിപ്പോകുന്നു. അമ്പലപരിസരത്തു പൂക്കൂടയുമാ യി നിൽക്കുന്ന അന്ധയായ വൃദ്ധയാണു നാലാം രംഗത്തിൽ. അവരെ സഹായിക്കാനെന്ന വ്യാജേനയെത്തി രവി അവരുടെ പൂക്കൂട മോഷ്ടി ച്ചു കടന്നുപോകുന്നു. ഗീതയ്ക്കാകട്ടെ, അവളുടെ വീട്ടിലെ വലിയ തോ ട്ടത്തിൽ നിന്നും ധാരാളം പൂവു ലഭിക്കുന്നു. പൂവു തേടിപ്പോകാനാകാ തെ കരഞ്ഞു തളർന്നിരിക്കുന്ന കുഞ്ഞുമോളെയാണ് അഞ്ചാം രംഗ ത്തിൽ കാണാനാകുന്നത്. അപ്പൂപ്പനും അവളുടെ സങ്കടത്തിൽ പങ്കു ചേരുന്നു. രംഗം ആറിൽ അടുത്ത ദിവസം പുലരിയിൽ താന്താങ്ങളുടെ പൂക്കൂടയുമായി വനദേവതയെക്കാണാൻ പോകുന്ന കൂട്ടുകാരെ കു

ഞ്ഞുമോൾ കാണുന്നു. സങ്കടപ്പെട്ടു നിൽക്കുന്ന അവൾക്ക് അപ്പൂപ്പൻ ഒരു കുല അശോകപ്പൂവു നൽകിക്കൊണ്ട് പറയുന്നു.

*"ഇത് അപ്പൂപ്പൻ നട്ടു, വെള്ളം കോരി, ശുശ്രൂഷിച്ച് വളർത്തിയതാ. അമ്മൂമ്മ മരിക്കും വരെ ആ കൈകൊണ്ടും, അതിനു ശേഷം അപ്പൂപ്പൻെറ കണ്ണീർ കൊണ്ടും വളർന്നതാ. ഈ പൂവും കൊണ്ടു മോളൊന്നു പോയി വാ!"*[11]

പുഷ്പകിരീടം തൻെറ കൊച്ചുമകൾക്കു ലഭിക്കുമെന്നു അപ്പൂപ്പൻ അവളെ സമാധാനിപ്പിക്കുന്നു. അവസാന രംഗത്തിൻെറ പശ്ചാത്തലം ഒന്നാം രംഗത്തിലെ കാടും പരിസരവുമാണ്. വനദേവതയും ചുറ്റും തങ്ങളുടെ പൂച്ചെണ്ടുകൾ മൂടിക്കെട്ടി വച്ചു കൊണ്ട് കുട്ടികളും നിൽക്കുന്നു. പൂക്കാരിയുടെ കൂടയിൽ നിന്നും പൂവു മോഷ്ടിച്ച ബാലനോട് അതിനുശേഷം ആ പെൺകുട്ടിയുടെ ചിറ്റമ്മ അവളെ അടിച്ചു പടിക്കു പുറത്താക്കിയതും മഞ്ഞും തണുപ്പുമേറ്റ് അവൾക്കു പനി പിടിച്ചതുമായ സംഭവങ്ങൾ വനദേവത പറയുന്നു. മരിച്ചു പോയ തൻെറ മകൻെറ ജന്മനാളിനു അമ്പലത്തിൽ പൂവു സമർപ്പിക്കാൻ പോയ വൃദ്ധയിൽ നിന്നും പൂവു മോഷ്ടിച്ച രവിയും അത്ര മിടുക്കനാകേണ്ടതില്ല. വേലക്കാർ നട്ടു നനച്ച തോട്ടത്തിൽ നിന്നും പൂവിറുത്തുകൊണ്ടു വന്ന ഗീതയ്ക്കും അഭിമാനത്തിനു വകയില്ല. അവരെല്ലാം സ്വീകരിച്ച മാർഗ്ഗമാണു മോശമായത്. കുട്ടികൾ കൊണ്ടു വന്ന പൂച്ചെണ്ടുകളുടെ കെട്ടുകൾ അഴിച്ചപ്പോൾ അവയെല്ലാം ഒരേ പൂക്കളായിരുന്നു. വനദേവാത കുഞ്ഞുമോളുടെ പൂവെവിടെയെന്നന്വേഷിച്ചപ്പോൾ അവൾ അറച്ചുകൊണ്ടു പൂച്ചെണ്ടു നീട്ടുന്നു.

അസാധാരണത്തിൻെറ നടുവിൽ സാധാരണവും അസാധാരണ മായിത്തീരുന്ന കാഴ്ചയാണു അവൾ കൊണ്ടുവന്ന അശോകപ്പൂച്ചെണ്ടി ലൂടെ കാണാനാകുന്നത്. അതുകൊണ്ട് പുഷ്പകിരീടം ദേവത കു ഞ്ഞുമോൾക്കു നൽകുന്നു. നാടകാന്ത്യത്തിൽ ദേവത കുഞ്ഞുമോളുടെ ശിരസ്സിൽ പുഷ്പകിരീടമണിയിച്ചുകൊണ്ടു കുട്ടികളോടു പറയുന്നു.

*"കുഞ്ഞുമോൾ കൊണ്ടു വന്ന പൂക്കൾ അവ നിസ്സാരങ്ങളായ പൂക്കളാവാം. പക്ഷേ നിങ്ങൾ മോഷ്ടിച്ചും ചതിച്ചും ഈ എങ്ങും കി ട്ടാത്ത പൂക്കൾ നേടിയില്ലേ. അപ്പോൾ അവൾ അപ്പൂപ്പനെ ശുശ്രൂഷി ച്ചു. സ്നേഹത്തിൻെറ പാതയിലൂടെ പോയി. കടമയുടെ കൊച്ചു കൈ ത്തിരിയുമായി അങ്ങനെ അവൾ ഈ കിരീടം നേടി."* [12]

## 2.9. 'ഗുരുദക്ഷിണ'

### 2.9.1. ഋജുവായ കഥ

വളരെ ലളിതവും ഋജുവുമായ കഥാഗതിയാണു 'ഗുരുദക്ഷിണ' എന്ന നാടകത്തിനുള്ളത്. കാന്താരപുരം എന്ന ഗ്രാമത്തിൽ നടക്കുന്ന കഥയാണു മുത്തശ്ശിയിലൂടെ കുട്ടികൾ ആസ്വദിക്കുന്നതും ആവിഷ്കരി ക്കുന്നതും. കാടിൻെറ വന്യതയാർന്ന ദൃശ്യാനുഭവങ്ങൾ വിവരിച്ചു കൊണ്ടും അണിയറയിൽ നിന്നും ഇടിവെട്ടും പോലെ അലറുന്ന സിം ഹങ്ങളുടെ ശബ്ദങ്ങൾ കേൾപ്പിച്ചുകൊണ്ടും മുത്തശ്ശി കാട്ടിനടുത്തുള്ള കാന്താരപുരം ഗ്രാമത്തെ കുട്ടികൾക്കു പരിചയപ്പെടുത്തുന്നു. നാടെന്നു വച്ചാലും കാടെന്നു തോന്നുന്ന ഇടം. അവിടെ വേദവും ശാസ്ത്രവും എല്ലാം അരച്ചു കലക്കിക്കുടിച്ച ഗുരുവും അന്ധയായ ഗുരുപുത്രിയും വ സിക്കുന്നിടത്തേയ്ക്ക് മുത്തശ്ശി കുട്ടികളെയും കൊണ്ടു പോകുന്നു.

കൊച്ചുനാരായണപിള്ളയുടെ സംവിധാനത്തിൽ വെഞ്ഞാറമ്മൂടു രംഗ പ്രഭാത് കേരളസംസ്ഥാന ശിശുക്ഷേമ സമിതിയിൽ 1978 നവംബർ ഒൻപതിന് നാടകം അവതരിപ്പിക്കുകയുണ്ടായി. ഗുരൂപദേശം സ്വീകരിച്ചു കഴിയുന്ന വീരൻ, വിക്രമൻ, ശക്തൻ, സുശീലൻ എന്നിവർ പരിചയപ്പെടുത്തുന്നു. ഗുരുദക്ഷിണ നൽകാനാഗ്രഹിച്ചു നിൽക്കുന്ന വീര-വിക്രമ-ശക്തന്മാരും ഗുരുദക്ഷിണയായി സ്വയം അർപ്പിച്ചു നിൽക്കുന്ന സുശീലനും അവൻെറ സുഹൃത്ത് അനിലനും കാടിനുള്ളിൽ വിശേഷപ്പെട്ട പൂവു തേടി യാത്ര തിരിക്കുന്നതുവരെയാണ് ഒന്നാം രംഗം.

രണ്ടാം രംഗാരംഭത്തിൽ മുത്തശ്ശി കഥാഗതിയെ നിയന്ത്രിച്ചു കൊണ്ടു വന്നെത്തുന്നുണ്ട്. സുശീലനും അനിലൻ എന്ന കുരങ്ങനും കാട്ടിൽ കുരങ്ങന്മാരുടെ സഹായം തേടുന്നതാണു സന്ദർഭം. കാട് കരുത്തും അനുഭവസമ്പത്തും നിറഞ്ഞ ഗുരുസമാനമായ ഒരു കഥാപാത്രമായി മാറുന്നുണ്ട്. മാന്ത്രികത്തൂവൽ നേടിയെടുത്ത് പെട്ടി തുറക്കുന്നതും സുശീലനെ കൂട്ടത്തിൽ നിന്നും ഒറ്റപ്പെടുത്തുന്നതുമാണ് മൂന്നാം രംഗം. അനിലനെന്ന കുരങ്ങൻ തൻെറ യജമാനൻെറയും അദ്ദേഹത്തിൻെറ സഹപാഠികളുടെയും വിശപ്പടക്കുവാനാവശ്യമായ ഭക്ഷ്യവസ്തുക്കൾ തേടി പുറപ്പെടുന്നു. സുശീലനാകട്ടെ വീരൻെറയും വിക്രമൻെറയും ശക്തൻെറയും കുബുദ്ധിക്കു കൂട്ടു നിൽക്കാതെ കാട്ടിനകത്തെ ഇരുണ്ട നിഴലുകളോടൊപ്പം പ്രത്യക്ഷപ്പെടുന്ന നിലാവിൻെറ ഭംഗി ആസ്വദിച്ചുകൊണ്ട് യാത്രയാകുന്നു.

ശാപഭാരവും പേറി കാട്ടിനകത്തു കഴിയുന്ന വനദേവതമാർക്ക് ശാപമോക്ഷം നൽകുവാൻ സുശീലനു കഴിഞ്ഞു. നാലാം രംഗത്തിൽ

കൂടുതൽ അതിശയങ്ങൾ നിറഞ്ഞ സംഭവങ്ങളുടെ തുടർ പ്രതിഭാസ ങ്ങളാണ്. ഗുരുനാഥന്റെ പ്രിയപുത്രിക്കു കാഴ്ച തിരിച്ചു കിട്ടാൻ സഹായിക്കുന്ന പൂവ് വനദേവതമാരുടെ സഹോദരിയാണത്രെ. പൂവ് അടർത്തിയെടുക്കുന്നതോടെ വനദേവതമാരുടെ സോദരിക്കും ശാപ മോക്ഷം ലഭിക്കുന്നു. പൂവുമായി കാട്ടിൽ നിന്നു തിരിക്കുന്ന സുശീലനെ ചിത്രീകരിക്കുന്നതോടെ നാലാം രംഗം അവസാനിക്കുന്നു.

രംഗം അഞ്ചിൽ വീരനും ശക്തനും വിക്രമനും സുശീലനിൽ നി ന്നും അപഹരിച്ചെടുത്ത പൂവ് ഗുരുസമക്ഷം എത്തിക്കുന്നതാണ്. ആ റാം രംഗത്തിൽ വനദേവതമാരുടെ അനുഗ്രഹവും അകമ്പടിയും ലഭിച്ച സുശീലൻ ഗുരുസന്നിധിയിലെത്തി പൂവിലുറങ്ങിയ രണ്ടാമത്തെ മഞ്ഞു തുള്ളികൊണ്ട് ഗുരുനാഥന്റെ പുത്രി സുമിത്രയുടെ അന്ധതയ്ക്കു പരി ഹാരം കാണുന്നതാണ്.

തിരഞ്ഞെടുത്തിരിക്കുന്ന വിഷയത്തിൽ കാണിച്ചിട്ടുള്ള പ്രതിബ ദ്ധത, ചലനാത്മകവും ശൈലീ ബദ്ധവുമായ രംഗാവിഷ്കാരം, സങ്കീർ ണ്ണതയുടെ അംശം അൽപം പോലും തൊട്ടു തീണ്ടാത്ത അഭിനയ മുഹൂർത്തങ്ങൾ എന്നിവ കൊണ്ട് ആസ്വാദകരെ ആനന്ദനിർവൃതിയിലെ ത്തിക്കാനുതകും വിധത്തിലുള്ള നാടകമാണു 'ഗുരുദക്ഷിണ'. കുട്ടിക ളുടെ മനസ്സു നഷ്ടപ്പെട്ടിട്ടില്ലാത്ത മുതിർന്നവർക്കും ഇതാസ്വദിക്കാം.

### 2.9.2. പ്രകാശം തേടിയുള്ള യാത്ര

ഗുരുദക്ഷിണയിലെ ക്രിയാംശത്തിന് ചൈതന്യം നിറഞ്ഞ പ്രേര ണ നൽകി നിൽക്കുന്ന ഇരുളും വെളിച്ചവും അവയുടെ മുന്നോട്ടും പി

ന്നോട്ടുമുള്ള പ്രയാണവും അതിലെ താളവുമാണ് നാടകത്തിൻെറ ഭാവ നാസാന്ദ്രതയുടെ ഉദ്ഭവമായി കാണുന്നത്. ഇരുളിൽ നിന്നും വെളിച്ച ത്തിലേക്കുള്ള യാത്രയാണീ നാടകം. വെളിച്ചത്തിലേക്കു നയിക്കുന്ന കാടും ഒരർത്ഥത്തിൽ ഗുരുവാണിവിടെ. കാന്താരം എന്ന പദത്തിൻെറ അർത്ഥം ചോദിച്ചുകൊണ്ട് നാടകത്തിൻെറ സുന്ദരമുഹൂർത്തങ്ങളിലേ ക്കാണു മുത്തശ്ശി നമ്മെ നയിക്കുന്നത്. ഇരുട്ടിൽ നിന്നും പ്രകാശത്തി ലേക്കുള്ള യാത്രയാണു 'ഗുരുദക്ഷിണ'. "*ഇരുട്ടോ! എനിക്കു കാണാ മോ? എപ്പഴും ഇരുട്ട്. ഇരുട്ടുതന്നെ ഇരുട്ട്.*" എന്നു നാടകത്തിൻെറ ആ ദ്യഘട്ടത്തിൽ പറയുന്ന സുമിത്ര "*പ്രകാശം...പ്രകാശം... ഹായ് പ്രപഞ്ച ത്തിൻെറ സൗന്ദര്യം*" എന്നു പറഞ്ഞുകൊണ്ട് സ്വയം മറന്നു നിൽക്കുന്നുണ്ട്.

സുമിത്രയുടെ ഈ വികാരപ്രകടനങ്ങൾക്കിടയിൽ നടക്കുന്ന ഭാ വനാസമ്പന്നമായ പ്രശ്നപരിഹാരമാണ് നാടകം. സുമിത്രയ്ക്കു വേണ്ടി യുള്ള പ്രകാശം തേടി സുശീലൻ നടത്തുന്ന യാത്രയിൽ അയാൾക്കു ണ്ടാകുന്ന തിക്താനുഭവങ്ങൾ അയാളുടെ മനസ്സിനെ കൂടുതൽ വിമലീ കരിച്ചിട്ടേയുള്ളൂ. തൻെറ പുത്രിയുടെ കാഴ്ച തിരിച്ചു കിട്ടാൻ ഗുരുനാ ഥൻ ശിഷ്യഗണങ്ങളോടു പറയുന്ന മാർഗ്ഗം, വളരെ കാൽപനികവും വിസ്മയകരവുമാണ്.

"*ഇതിൻെറയുള്ളിൽ - ഉള്ളിൻെറയുള്ളിൽ... കൊടും കാടുണ്ട്... അതിൻെറ ഹൃദയാന്തർഭാഗത്ത്... കാട്ടുമരങ്ങൾ കൊണ്ടൊരു ഗുഹ... അതിനിടയിൽ വർഷങ്ങൾക്കകം ഒരിക്കൽ മാത്രം പൂക്കുന്ന ഒരു ചെടി യുണ്ട്. അതിൻെറ പൂവു കിട്ടിയാൽ... അതിൻെറ ദലങ്ങൾക്കകത്ത് ഉറ*

*ഞ്ഞിട്ടുള്ള മഞ്ഞുതുള്ളി ഒഴിച്ചാൽ... എന്റെ മകളുടെ കാഴ്ച തിരിച്ചു കിട്ടും. പറയൂ.. നിങ്ങൾക്കു സാധിക്കുമോ? അതു കൊണ്ടുവരാൻ?"*[13]

ഇരുട്ടിൽ നിന്നും പ്രകാശം തേടിയുള്ള യാത്ര ദുരിതം നിറഞ്ഞതാണല്ലോ. എല്ലാ തടസങ്ങളെയും മറികടന്നുവേണം ലക്ഷ്യപ്രാപ്തിയിലെത്തുവാൻ.

### 2.9.3. മനുഷ്യൻ–പ്രകൃതി–ഗുരു

മനുഷ്യനും പ്രകൃതിയും ഇതര ജീവജാലങ്ങളും ഒന്നായിത്തീരുന്ന സുന്ദരദൃശ്യം സമ്മാനിക്കുന്ന നാടകമാണു ഗുരുദക്ഷിണ. അനിലൻ എന്ന കുരങ്ങൻ സുശീലന്റെ പ്രിയ തോഴൻ. വീരൻ, വിക്രമൻ, ശക്തൻ എന്നീ സഹപാഠികളേക്കാൾ എത്രയോ ഹൃദയനിർമലതയാണ് അനിലൻ എന്ന കുരങ്ങനുള്ളത്. വിനയശീലനും നിഷ്കളങ്കനും ആത്മലാവണ്യം വഴിഞ്ഞൊഴുകുന്നവനുമായ സുശീലനെ, തന്നെത്തന്നെ ഗുരുവിനു നൽകിയ ആ സതീർത്ഥ്യനെ സഹപാഠികൾക്കു പുച്ഛമാണ്. മൂന്നുപേരും പലയിടങ്ങളിലും പരസ്പരം അവിശ്വസിക്കുന്നതായും കാണാം. സമൂഹത്തിലെ ചതിയുടെയും വഞ്ചനയുടെയും കാപട്യത്തിന്റെയും പ്രതിനിധികളായാണ് നാടകകൃത്ത് അവരെ സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് സുശീലനിൽ നിന്നും മോഷ്ടിച്ചെടുത്ത പൂവ് അവരുടെ കൈകൾ കൊണ്ട് ഫലപ്രാപ്തിയെത്താതെ പോകുന്നത്.

പ്രകൃതി ഗുരുവായും നന്മതിന്മകളുടെ ഗതിനിയന്ത്രിക്കുന്നവളായും സർവ്വസ്വരൂപിണിയായും പ്രത്യക്ഷപ്പെടുന്ന സുന്ദരമായ കാഴ്ച ഗുരുദക്ഷിണയിലുണ്ട്. ഒരു നീലവനം മുഴുവൻ നൃത്തം ചെയ്തുകൊണ്ടു

ഗുരുസവിധത്തിലേക്കെത്തുമ്പോൾ കാണികളും അത്തരം ആനന്ദാനുഭൂതിയിൽ അലിയുന്നു.

കാട് - പ്രകൃതി - സുശീലനെ നന്മയോടെ കനിഞ്ഞനുഗ്രഹിക്കുമ്പോൾ ഇതര ശിഷ്യഗണങ്ങളുടെ മുന്നിൽ സർവ്വ സംഹാരിണിയായി മാറുന്നത് കാണാനാകുന്നു. പ്രകൃതി അനുഗ്രഹിക്കാനും നിഗ്രഹിക്കാനും കരുത്തുള്ളവളാണെന്നും വിനയമുണ്ടെങ്കിൽ എവിടെയും ഉയരാമെന്നുമുള്ള പാഠം കുട്ടികൾ തിരിച്ചറിയുന്നു. സാധാരണ നാടകങ്ങളിൽ കാണാനാകാത്ത വിധത്തിൽ കഥാപാത്രചിത്രീകരണം നടത്തിയിട്ടുണ്ട് 'ഗുരുദക്ഷിണ'യിൽ. നന്മതിന്മകളെ വിവേചനശീലത്തോടെ തിരിച്ചറിയാൻ ശിഷ്യഗണങ്ങളെ പ്രാപ്തമാക്കുന്ന ആർഷപാരമ്പര്യത്തിൻെറ പ്രതീകമാണ് ഇതിലെ ഗുരു.

*"ഗുരു! സാക്ഷാൽ ഗുരു. വലിയ പണ്ഡിതൻ. വേദവും ശാസ്ത്രവും എല്ലാം അരച്ചു കലക്കിക്കുടിച്ച മഹാ- മഹാ- പണ്ഡിതൻ."* [14]

എന്നു മുത്തശ്ശി കുട്ടികൾക്കു പരിചയപ്പെടുത്തുന്ന ഈ നാടകത്തിലെ ഗുരുനാഥൻ ക്ഷമ, സ്നേഹം, ശാസന, ഉപദേശം, ദർശനം തുടങ്ങിയവയെല്ലാം നൽകുന്ന, ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്കു നയിക്കുന്ന സൗമ്യ പ്രകൃതനാണ്. ഗുരുവും കാടും പ്രകൃതിയുടെ ഒരേ ഗുണത്തിൻെറ രണ്ടു ഘടകങ്ങളാണെന്നു വിചാരിച്ചു പോകും. സ്നേഹം, ശാപശക്തി, കാരുണ്യം, ക്ഷമ തുടങ്ങിയവയെല്ലാം നൽകാനുള്ള ശേഷി ഇതിലെ പ്രകൃതിക്കുണ്ട്. കാടിനുണ്ട്. ഗുരു തന്നെയാണു വനം.

വനം തന്നെയാണു ഗുരു. മനുഷ്യർ, പക്ഷികൾ, മൃഗങ്ങൾ, സസ്യലതാദികൾ ഇവയുടെ ഒത്തുചേരലാണ് ഈ നാടകം.

### 2.9.4. സംഭാഷണരീതി

ഓരോ കഥാപാത്രത്തിനും അനുഗുണമായ സംഭാഷണരീതിയും പദഘടനയുമാണ് ഗുരുദക്ഷിണയിൽ നാടകകൃത്ത് നൽകിയിട്ടുള്ളത്. കാടിൻെറ രംഗപ്രവേശവും സംഭാഷണവും തികച്ചും താളനിബദ്ധവും സംഗീതാത്മകവുമാണ്. കാടിൻെറ ഭാഷയ്ക്കുപയോഗിച്ചിട്ടുള്ള പദഘടനയിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ് മുത്തശ്ശിക്കു നൽകിയിട്ടുള്ള സംഭാഷണം. സുശീലൻെറ സംഭാഷണത്തിനു നൽകിയിട്ടുള്ള ശുദ്ധിയോ വൃത്തിയോ ലാളിത്യമോ വിക്രമനും ശക്തനും വീരനും നൽകിയിട്ടില്ല.

### 2.9.5. മന:ശാസ്ത്രസമീപനം

മന:ശാസ്ത്രത്തിൻെറ മൗലികപാഠങ്ങൾ മനോഹരമായി ഈ കാന്താരത്തിൻെറ കഥയിൽ അനാവരണം ചെയ്യപ്പെടുന്നു. മനുഷ്യമനസ്സിൻെറ ബോധം, ഉപബോധം, അബോധം എന്നീ മൂന്നു തലങ്ങളായി ആധുനിക മന:ശാസ്ത്രം വിഭജിച്ചിട്ടുണ്ടല്ലോ? ജാഗ്രതാവസ്ഥയിലെ ചിന്തകളും സുഖാനുഭൂതികളും മറ്റും ബോധതലപ്രക്രിയയുടേതും സുഷുപ്തിയിൽ ലഭ്യമാകുന്ന സ്വപ്നങ്ങളും മറ്റനുഭവങ്ങളും ആഴത്തിൽ ചെല്ലുംതോറും ഉപബോധ അബോധ തലങ്ങളുടേതുമാണ് എന്നു പ്രഖ്യാതമാണല്ലോ! ഈ അടിസ്ഥാനത്തിൽ കാന്താരപുരം, കാന്താരം, കാന്താരത്തിനുള്ളിലെ വനദേവതകളുടെ വെണ്മ നിറഞ്ഞ കാട് ഇവയെ യഥാക്രമം മനുഷ്യമനസ്സിൻെറ ഉപബോധ അബോധ തലങ്ങളോട്

താരതമ്യപ്പെടുത്തി വിശകലനം ചെയ്യുന്നത് രസകരമായ ഒരനുഭവമായിരിക്കും.

കാന്താരപുരമെന്ന ബോധമനസ്സിൽ സാമാന്യം യുക്തിഭദ്രമായ സംഭവങ്ങളാണു ചിത്രീകരിക്കപ്പെടുന്നത്. അവിടെ നിന്നുള്ളിലേക്ക് – കാന്താരത്തിലേക്ക് – കടന്നുകഴിഞ്ഞാൽ ഉപബോധമനസ്സിൻെറ എല്ലാ വിക്രിയകളും നിഗൂഢവാസനകളും ഫണം വിടർത്തിയാടുന്നതു കാണാം. ശത്രുതയും അസൂയയും പകയും മറ്റും കുറ്റകരമായ രീതിയിൽ ബീഭത്സരൂപം പൂണ്ടു വരുന്നു ഇവിടെ. സതീർത്ഥ്യർ – വീര-വിക്രമ-ശക്തന്മാരും സുശീലനും – അകാരണമായി ശത്രുക്കളാകുന്നു. സുശീലനെ മറ്റുള്ളവർക്ക് പീഡിപ്പിക്കണം. നശിപ്പിക്കുകയും വേണം. സ്വയം നശിക്കാൻ പോലും അവർ വഴിയൊരുക്കുന്നു. വികാരങ്ങളുടെ തീവ്രതയും അനിയന്ത്രിതമായ പ്രവാഹവും ഇവിടെ ദൃശ്യമാണ്. അടുത്തൊരു തലത്തിലേക്കിറങ്ങിച്ചെല്ലുന്ന സുശീലൻെറ അനുഭവം അതിന്ദ്രീയാനുഭൂതി ലഭിക്കുന്ന സ്രഷ്ടാവിൻേറതോ യോഗിയുടേതോ ആണെന്നു തോന്നാം. മനസ്സിൻെറ ആഴങ്ങളിലെ – അബോധതലങ്ങളിലെ – ഭ്രമാത്മകമായ ഒരു ശാന്തിമണ്ഡലമാണത്.

## 2.10. 'നിഴൽ'

വസ്തുവും നിഴലും തമ്മിൽ തിരിച്ചറിയാനാകതെ വരുന്ന മനുഷ്യൻെറ മൂഢതയാണു ജി. ശങ്കരപ്പിള്ളയുടെ 'നിഴൽ'[15]. കെ. കൊച്ചുനാരായണപിള്ള സംവിധാനം നിർവ്വഹിച്ച ഈ നാടകം തിരുവനന്തപുരത്തുള്ള കേരള സംസ്ഥാന ശിശുക്ഷേമസമിതിയിൽ 1976 ഒക്ടോബർ 13 നു

അവതരിപ്പിക്കുകയുണ്ടായി. ഉണ്മയെന്തെന്നു തിരിച്ചറിയാനുള്ള മനുഷ്യ ൻെറ കഴിവുകേടു പലപ്പോഴും പ്രശ്നമായി ഭവിക്കുന്നു. രാജ്ഞിയുടെ കളവുപോയ വൈരമാല തേടിയുള്ള ഭടന്മാരുടെ യാത്രയാണു നാടക ത്തിലുടനീളം നിറയുന്നത്.

കുട്ടികളോടൊപ്പം കളിച്ചു രസിക്കുന്നതിനിടയിൽ മുത്തശ്ശി ഒത്ത വണ്ണവും നീണ്ടതാടിയും അശ്രദ്ധമായിട്ട മുടിയും വികൃതമായ വേഷവി ധാനവുമായി വരുന്ന അവധൂതനെ കുട്ടികൾക്കു പരിചയപ്പെടുത്തുന്നു. "*സൂര്യഗോളം ചരിക്കുന്ന സത്യത്തിൻ പാതതേടുവോരാരുണ്ട്?*" എന്ന ചോദ്യം ചോദിച്ചുകൊണ്ട് രംഗവേദിയിലെത്തുന്ന അവധൂതനോടു കുട്ടി കൾക്കായ് ഒരു കഥ പറഞ്ഞു കൊടുക്കാൻ മുത്തശ്ശി അഭ്യർത്ഥിക്കു ന്നു. ഗംഗാസമതലത്തിലെ പ്രസിദ്ധമായ കാശി രാജ്യത്തിൽ തളിർ ത്തും പൂത്തും നിൽക്കുന്ന ആരാമത്തിലേക്ക് അവധൂതൻ കുട്ടികളെ കൂട്ടിക്കൊണ്ടുപോയി. ആരാമത്തിൻെറ നടുക്ക് ഒരു തെളിനീർത്തടാകം. അതിലേക്കു ചാഞ്ഞു നിൽക്കുന്ന വാകമരം. ഇളം ഞൊറികളോടെ വിരിച്ചിട്ട വെള്ളപ്പുടവ. അടിയിലെ വെള്ളാരങ്കല്ലുകൾ പോലും വ്യക്തമാ യിക്കാണാം.

ആരാമത്തിലെ വിടർന്നു പന്തലിച്ചു നിൽക്കുന്ന വാകമരച്ചോട്ടി ലിരിക്കുന്ന അവധൂതനോടൊപ്പം പഴങ്കഥയിലെ കഥാപാത്രങ്ങളാകാൻ മുത്തശ്ശിയോടൊത്തു കളിച്ചിരുന്ന കുട്ടികൾ ഒരുങ്ങുന്നു. കുട്ടികളിൽ നാലുപേർ സൈനികരാണ്. രാജ്ഞിയുടെ കളവുപോയ വൈരമാല താൻ കണ്ടുപിടിച്ച് തിരുമുൻപിൽ കൊണ്ടുപോയി സമർപ്പിക്കുമെന്നു കിനാവുകണ്ട ഭടന്മാരിലൊരാളെ കൂട്ടുകാരൻ കളിയാക്കുന്നു. തിരച്ചിൽ

നടത്തി ക്ഷീണിച്ച ഭടൻ തടാകത്തിലിറങ്ങി ശകലം വെള്ളം കുടിച്ച്, മുഖം കഴുകാനൊരുങ്ങവെ തടാകമദ്ധ്യത്തിൽ തിളങ്ങിക്കിടക്കുന്ന വൈരമാല കാണുന്നു. നീന്താനറിയാൻ വയ്യാത്ത അവർ തടാകജലം വറ്റിച്ച ശേഷം അതു തിരയുമ്പോൾ കാണാതെയാകുന്നു. തടാകത്തിൽ വീണ്ടും വെള്ളം നിറയ്ക്കാനായി രാജകൽപന.

*"തമ്പുരാന്റെ കുളം നിറയ്ക്കാൻ വായോ വാ!*
*പെരുങ്കടലേ പറകൊട്ടി ആടിയാടി എഴുന്നള്ളൂ*
*വായോ വാ വായോ വാ വന്നിവിടെ കുടികൊള്ളൂ.*
*പോയ വെള്ളം തിരിച്ചു വന്നാൽ*
*പൊയ്ദോഷം മാറിയെന്നാൽ*
*കടലമ്മേ നിന്റെ മുന്നിൽ അടിയങ്ങൾ നേർച്ച വയ്ക്കാം."*[16]

എന്നിങ്ങനെ പാടി, താളം മുറുകുന്നതിനിടയിൽ പിന്നരങ്ങിൽ നിന്നും നീലത്തുണിയുമായി രംഗത്തു വന്ന് ചുവടു വച്ച് വെള്ളം നിറഞ്ഞ തടാകം സൃഷ്ടിക്കുന്നത് സുന്ദരമായ ദൃശ്യാനുഭവമാണ്. രാജാവും മന്ത്രിയും പരിവാരങ്ങളും വെള്ളം നിറഞ്ഞ തടാകത്തിനരികിലെത്തുന്നു. വെള്ളമുള്ള തടാകത്തിൽ വൈരമാലയുണ്ട്. വെള്ളമില്ലാത്തപ്പോൾ വൈരമാല കാണാതാകുന്നു. ഇങ്ങനെയൊരു അവസ്ഥയ്ക്കു പരിഹാരം കാണാനാകാതെ രാജാവ് അവധൂതനെ സമീപിക്കുന്നു. ഉറക്കെച്ചിരിച്ചുകൊണ്ട് കുളത്തിനടുത്തേക്കു നടന്നെത്തിയ അവധൂതൻ കൈക്കുമ്പിളിൽ വെള്ളം കോരിയെടുത്തു പായുന്നതിങ്ങനെയാണ്.

*"നിങ്ങളെല്ലാം നീളെ നീളെ നിഴൽ നോക്കി നടന്നവർ"*[17]

കളവുപോയ വൈരമാല തടാകത്തിനരികിലുള്ള വാകമരത്തിന്റെ കൊമ്പിലെ കിളിക്കൂട്ടിലായിരുന്നു. വൈരമാലയുടെ നിഴലിൽ പിടിക്കാനായിരുന്നു എല്ലാവരും ശ്രമിച്ചത്. യാഥാർത്ഥ്യം തിരിച്ചറിയുവാൻ നാമൊരുപാടു വൈകുന്നു. നാടകകൃത്ത് അവധൂതനിലൂടെ പറഞ്ഞുവയ്ക്കുന്നതും ഇതു തന്നെയാണ്.

## 2.11. 'നിധിയും നീതിയും'

സത്യത്തിനും ധർമ്മത്തിനും നിറം കെട്ടുപോവുകയില്ലെന്നും അതില്ലാത്ത ജീവിതം അർത്ഥശൂന്യമാണെന്നും ഇളം മനസ്സുകളിൽ ചെന്നു തറയ്ക്കും വിധം ഒരു നാടോടിക്കഥയെ ആധാരമാക്കി ജി. ശങ്കരപ്പിള്ള രൂപപ്പെടുത്തിയ കുട്ടികളുടെ നാടകമാണു 'നിധിയും നീതിയും'[18]. കെ. കൊച്ചുനാരായണപിള്ള സംവിധാനം നിർവ്വഹിച്ച നാടകം ആദ്യമായി അരങ്ങേറുന്നത് 1977 ഒക്ടോബർ 10 നു കേരളസംസ്ഥാന ശിശുക്ഷേമ സമിതിയിൽ ആയിരുന്നു. തുടർന്നു അതേ വർഷം ഡിസംബർ 16 നു എറണാകുളത്തു കേരള സംഗീതനാടക അക്കാദമി ഒരുക്കിയ കുട്ടികളുടെ നാടകവേദിയെക്കുറിച്ചുള്ള ത്രിദിനശിൽപശാലയിലും അവതരിപ്പിച്ചു. മോഷണം പാപമാണെന്നും അതു കാപട്യമാണെന്നും നന്മ ചെയ്തു ജീവിക്കണമെന്നും കുട്ടികളെ സത്യബോധപ്പെടുത്തുന്ന പ്രമേയമാണ് ഈ നാടകത്തിലുള്ളത്. നാടകത്തിലെ മുത്തശ്ശി കുഞ്ഞുങ്ങൾക്കു പകർന്നു നൽകുന്ന സന്ദേശം ഇങ്ങനെയാണ്.

*"ധനമായാലും ഒരോറഞ്ചായാലും, ഒരു പുൽനാമ്പായാലും മോഷണം, കാപട്യം... കാപട്യമാണ്. കാരണം ഒരു വസ്തുവിനെ ആശ്രയിച്ച*

*ല്ല, ചെയ്യുന്നവൻെറ മനസ്സിനെ ആശ്രയിച്ചാണിരിക്കുന്നത്... മനസ്സിലായോ?"*[19]

ജി. ശങ്കരപ്പിള്ളയുടെ ബാലനാടകങ്ങളിൽ പൊതുവെ കാണാറുള്ള മുത്തശ്ശിയെ ഈ നാടകത്തിലും ദർശിക്കാനാകുന്നു. കുട്ടികളോടൊപ്പം കളിക്കുകയും പാടുകയും ചെയ്തുകൊണ്ട് നന്മയുടെ കഥ കുട്ടികൾക്കു നുകരാൻ നൽകുന്ന മുത്തശ്ശി. കഥ പറഞ്ഞു പറഞ്ഞു കളിക്കാൻ തീരുമാനിക്കുന്നതിനിടയിൽ വിക്രമനു സുഗുണനെന്നും ഗോപിക്കു ദുർഗ്ഗുണനെന്നും മുത്തശ്ശി പേരിടുന്നു. പണ്ടൊരിടത്തു പഴയ ഗ്രാമത്തിൽ പാർത്തിരുന്ന രണ്ടു കൂട്ടുകാരാണു സുഗുണനും ദുർഗ്ഗുണനും. പേരു പോലെ സ്വഭാവവും. സു-ഗുണൻ – നല്ല ഗുണമുള്ളവൻ. ദുർ-ഗുണൻ – ചീത്ത ഗുണം തികഞ്ഞവൻ. വലിയ കൂട്ടുകാരായിരുന്ന അവർ ഒന്നിച്ചു കളിച്ചും രസിച്ചും കഴിഞ്ഞിരുന്നു. ഒരു ദിവസം രണ്ടു കൂട്ടുകാരും കളിച്ചു കളിച്ചു കാട്ടിലേക്കു കടന്നു. അറിയാതെ അതിനകത്തായിപ്പോയി. വെയിൽ മങ്ങി പാവകളെല്ലാം ചേക്കയിലേക്കു തിരിച്ചു പറക്കുന്നു. നേരമിരുട്ടുന്നു.

കാടിനകത്തെ വലിയ മരച്ചുവട്ടിലെ കാളീവിഗ്രഹത്തിനരികിൽ ഒരു പിത്തളപ്പാത്രത്തിലിരിക്കുന്ന പണം ഇരുവരുടെയും ശ്രദ്ധയിൽപ്പെടുന്നു. ദേവിക്കു പണമെന്തിനാണെന്നും അതെടുത്തുകൊണ്ടു ഗ്രാമത്തിലേക്കു തിരിച്ചുപോകണമെന്നും ദുർഗ്ഗുണൻ പറയുന്നു.നേരം വെളുക്കുന്നതുവരെ പിത്തളപ്പാത്രത്തിലെ പണം ദേവിയുടെ മുന്നിൽത്തന്നെയിരിക്കട്ടെ. കാളിയമ്മനു കോപമാണെങ്കിൽ പുലരും മുമ്പു തങ്ങളെ ശിക്ഷിക്കട്ടെ. നേരം വെളുത്തിട്ടും തങ്ങൾക്കൊന്നും സംഭവിച്ചിട്ടില്ലെ

ങ്കിൽ കാളിയമ്മൻ പ്രസാദിച്ചുവെന്നു കരുതാമെന്നു ഇരുവരും വിശ്വസിക്കുന്നു. കാളിയമ്മൻ പ്രസാദിച്ചതോടെ ഇരുവരും പണവുമായി നാട്ടിലെത്തി. പണത്തിൽനിന്നും കുറച്ചെടുത്തു വീതിച്ച് ശേഷിക്കുന്നത് ഗ്രാമത്തിലെ അപ്പൂപ്പനെന്നു വിശേഷിപ്പിക്കുന്ന ഗ്രാമരക്ഷകനായ പഴയ ആൽമരത്തിനു ചുവട്ടിൽ കുഴി കുഴിച്ച് നിക്ഷേപിക്കുന്നു.

പണം കുഴിച്ചിട്ടു പട്ടിണികിടക്കേണ്ടതായ കാര്യമുണ്ടോയെന്നു ചിന്തിച്ച ദുർഗ്ഗുണൻ ആരോരുമില്ലാത്ത സമയത്ത് അതുമുഴുവൻ തിരിച്ചെടുക്കുന്നു. പണം നഷ്ടമായതറിഞ്ഞ സുഗുണൻ തൻെറ കൂട്ടുകാരൻ തന്നെയാണതു മോഷ്ടിച്ചതെന്നു കരുതുന്നു. ഇരുവരും പരസ്പരം അവിശ്വസിക്കുകയും തർക്കിക്കുകയും ചെയ്യുന്നതോടെ പ്രശ്നം ഗ്രാമപ്പെരുമാളായ രാജാവിൻെറയടുത്തെത്തുന്നു. അദ്ദേഹം സുഗുണ ദുർഗ്ഗുണസംവാദം സശ്രദ്ധം കേൾക്കുന്നു. മുത്തച്ഛൻ അരയാലാണു സർവ്വതിനും സാക്ഷിയെന്നു ബോധിപ്പിച്ച സുഗുണദുർഗ്ഗുണന്മാരോടൊപ്പം അടുത്ത ദിവസം തന്നെ അരയാൽ മരത്തിനടുത്തെത്തുവാൻ തലവനും തീരുമാനിക്കുന്നു. ദുർഗ്ഗുണൻ തൻെറ അച്ഛനോട് ആലിൻെറ പോട്ടിൽ ഒളിച്ചിരിക്കുവാനും നിധി മോഷ്ടിച്ചതു സുഗുണനാണെന്നു പറയുവാനും അഭ്യർത്ഥിക്കുന്നു.

ധ്യാനത്തിലെന്ന പോലെ കൈകൂപ്പി നിൽക്കുന്ന സുഗുണൻെറ രക്ഷകനായിത്തീരുന്നത് പ്രകൃതി തന്നെയാണ്. അണിയറയിൽ തീപിടിത്തത്തിൻെറ ശബ്ദം. ശിഖരങ്ങൾ എരിഞ്ഞു തീരുന്നു. ദുർഗ്ഗുണൻെറ അച്ഛൻ മേലാകെ എരിഞ്ഞു കരിഞ്ഞ് രക്ഷിക്കണേയെന്നു നിലവിളിച്ചുകൊണ്ട് രാജാവിൻെറ മുന്നിൽ വന്നു വീഴുന്നു. സത്യാവസ്ഥ

തിരിച്ചറിയുന്നതോടെ ദുർഗ്ഗുണനെ ശിക്ഷിക്കാനൊരുങ്ങുന്ന രാജാവിനോട് തൻെറ കൂട്ടുകാരനു മാപ്പു നൽകി വെറുതെ വിടണമെന്ന് സുഗുണൻ അപേക്ഷിക്കുന്നു. സുഗുണൻ ദുർഗ്ഗുണനെ പിടിച്ചെഴുന്നേൽപ്പിച്ച് തൻെറ കൂട്ടുകാരൻെറ മുഖത്തു ഉറ്റുനോക്കി നിൽക്കുമ്പോൾ മുത്തശ്ശിയും മറ്റു കൂട്ടുകാരും രംഗവേദിയിലേക്കു വന്നണയുന്നു.

## 2.12. 'മദ്ദളങ്ങൾ'

### 2.12.1. കയ്പാർന്ന അനുഭവങ്ങളുടെ നേർക്കാഴ്ച

നാടകത്തെ കാലാതിവർത്തിയായി നിലനിർത്തുന്നത് അതിൻെറ ഇതിവൃത്തമാണ്. ഇതിവൃത്തം ആശയമോ ഗുണപാഠമോ കഥയോ അല്ല. അനുഭവങ്ങളുടെ കയറ്റിറക്കങ്ങളാണത്. ജി. ശങ്കരപ്പിള്ള എഴുതിയ കുട്ടികളുടെ നാടകങ്ങളിൽ നിഴലിക്കുന്ന മാനുഷികമായ അനുഭവത്തെ നോക്കിക്കാണാനുള്ള ശ്രമമാണ് അദ്ദേഹത്തിൻെറ 'മദ്ദളങ്ങൾ'[20] എന്ന നാടകം. വെഞ്ഞാറമ്മൂട് ഗവ. ഹൈസ്കൂളിൽ 1980 ഫെബ്രുവരി 14 ന് രംഗപ്രഭാത് ഈ നാടകം അവതരിപ്പിച്ചു. കെ. കൊച്ചുനാരായണപിള്ളയായിരുന്നു നാടകസംവിധായകൻ.

കുട്ടികൾ നേരിട്ടനുഭവിക്കുന്ന അവർക്കു വേർതിരിച്ചറിയാനാകുന്ന പ്രതിദിനാനുഭവങ്ങളുടെ കയ്പേറിയ പകർപ്പാണു മദ്ദളങ്ങൾ. കുട്ടികൾ അയ്യപ്പശ്ശാരോടു ചോദിക്കുന്ന ചോദ്യങ്ങൾ സമൂഹത്തോടു ചോദിക്കുന്നവയാണ്. കുട്ടികളുടെ കാഴ്ചപ്പാടിലൂടെ അവരുടെ പരിസരത്തെ അതിൻെറ സമകാലികതയെ യഥാതഥമായി ആവിഷ്കരിക്കുകയാണ് മദ്ദളങ്ങൾ എന്ന നാടകം. മാതാപിതാക്കൾ ഉൾപ്പെടുന്ന സമകാല സമൂഹം കുട്ടികളോടു കാണിക്കുന്ന ക്രൂരതയും നിഷേധവുമാണ്

മദ്ദളങ്ങളിലെ പ്രധാന ഇതിവൃത്തം. സമ്പന്നമായ ഒരു ഗൃഹത്തിൻെറ പിന്നിലുള്ള പൂന്തോട്ടത്തിലാണു നാടകം നടക്കുന്നത്. പ്രകാശിൻെറ വീടാണത്. നഷ്ടബാല്യത്തോടൊപ്പം മറ്റു പലരെയും നാടകകൃത്ത് ഈ നാടകത്തിൽ അണി നിരത്തുന്നു.

## 2.12.2. അസ്വാതന്ത്ര്യം - ബന്ധനം തന്നെ പാരിൽ

പെൺക്ലബ്ബിലും ആൺക്ലബ്ബിലും കയറിയിറങ്ങി സുഖിക്കുന്ന അമ്മയും അച്ഛനും. 'സ്വർണ്ണം അരച്ചുകൊടുത്ത്' അവർ പ്രകാശിനെ വളർത്തുന്നു - ദു:ഖമെന്തെന്നറിയിക്കാതെ, കാറ്റും വെയ്യിലും കൊള്ളിക്കാതെ, പക്ഷേ - ഒരു കഥ പറഞ്ഞുകൊടുക്കാൻ, കരയുമ്പോൾ കണ്ണീരൊപ്പാൻ, പഴയ പാട്ടു പാടിക്കേൾപ്പിക്കാൻ അവനാരുമില്ല. കളിക്കാൻ ധാരാളം കളിപ്പാട്ടങ്ങളുണ്ട്. പക്ഷേ അവനു വീട്ടിനു പുറത്തിറങ്ങാൻ സ്വാതന്ത്ര്യമില്ല.

സമ്പന്നജീവിതത്തിൽ അസ്വാതന്ത്ര്യം അനുഭവിക്കുന്ന ഒരു കുട്ടിയിൽ നിന്നും നാടകകൃത്ത് ജീവിതത്തിൻെറ അങ്ങേത്തലക്കൽ ദുരിതാനുഭവവുമായി ജീവിക്കുന്ന മറ്റൊരു കൂട്ടരെ പരിചയപ്പെടുത്തുന്നു. ഹോട്ടൽ ജോലിക്കാരൻ രാമുവും പത്രം വിൽപനക്കാരൻ മമ്മൂട്ടിയും. രാപകൽ പാത്രം കഴുകി കൈയുടെ തൊലി പൊളിഞ്ഞാലും മുതലാളിയുടെ കൈയിൽ നിന്നും കിട്ടുന്നത് ആട്ട്. ബാല്യകാലം ആസ്വദിക്കാനാകാത്തതിൻെറയും അസ്വാതന്ത്ര്യത്തിൻെറയും വിങ്ങലുകൾ തുടിക്കുന്ന സൃഷ്ടിയാണു 'മദ്ദളങ്ങൾ'. സ്നേഹത്തിൻെറ പേരിൽ മറ്റു പലതിൻെറയും പേരിൽ കുട്ടികളോടു കാണിക്കുന്ന ക്രൂരതയാണ് ജി.ശങ്കരപ്പിള്ള 'മദ്ദളങ്ങളിൽ' കൈകാര്യം ചെയ്യുന്നത്. ഇതിനു വിധേയരായിത്തീരുന്ന ഒരു കൂട്ടം കുട്ടികളെ അദ്ദേഹം സദസ്സിൽ അണി നിരത്തു

ന്നു. 'ഭാരം കുറഞ്ഞ ജോലികൾ'ക്കു വേണ്ടി തീറെഴുതേണ്ടിവന്നിരിക്കുന്ന രാമുവിൻെറയും മമ്മൂട്ടിയുടെയും അവസ്ഥ ദയനീയമാണ്. ബാലന് ഉച്ചഭക്ഷണം പോലും കിട്ടുന്നില്ല. പച്ചവെള്ളം മാത്രം കുടിച്ച് പഠിക്കാൻ അവനിനി വയ്യ. അച്ഛനും അമ്മയും അദ്ധ്യാപകരാണെങ്കിലും ബിന്ദുമോൾക്കിടാനൊരു നല്ല ഉടുപ്പില്ല. സമൂഹത്തിൻെറ ക്രൂരതയ്ക്കു വിധേയമാകുന്ന ബാല്യത്തെ യാഥാർത്ഥ്യം അൽപം പോലും നഷ്ടപ്പെടാതെ അവതരിപ്പിച്ചിരിക്കുന്നു.

## 2.12.3. പ്രതിക്കൂടും പ്രതിമയും

കുട്ടികളുടെ കോടതിയിൽ ആരെയാണു പ്രതിയാക്കേണ്ടത്. സ്നേഹത്തെ കൂട്ടിലടയ്ക്കുന്ന അച്ഛനമ്മമാരോ – സ്നേഹിക്കാനറിയാത്ത ജ്യേഷ്ഠനോ – ക്രൂരതയുടെ പര്യായമായ മുതലാളിയോ – കുട്ടികൾ ഇവരിലെല്ലാം സമാനമായ ഒരു രൂപവും ഭാവവും കാണുന്നു. ഈ രൂപഭാവങ്ങളെയാണ് അവർ പ്രതിക്കൂട്ടിൽ നിർത്തുന്നത്. ഈ രൂപഭാവത്തെയും ആശയത്തെയും കൂട്ടിൽ നിർത്തുവാൻ നാടകരചയിതാവ് വളരെ സുതാര്യമായ ഒരു വഴി കണ്ടെത്തിയിരിക്കുന്നു. വയ്ക്കോലും വഴുതയും കളിമണ്ണും കൊണ്ട് ബാബൂൻറച്ഛൻ കെട്ടിയുണ്ടാക്കിയ പ്രതിമയെയാണു കുട്ടികൾ പ്രതിക്കൂട്ടിൽ നിർത്തുന്നത്. ഇവിടെ തിരിച്ചറിയേണ്ടുന്ന വസ്തുത പ്രതിമയെ മുന്നിൽ നിർത്തിക്കൊണ്ട് അയ്യപ്പശ്ശാർ എന്ന ഭൃത്യനു മറുപടി പറയാൻ അവസരം നൽകുന്നുവെന്നതാണ്. കുട്ടികളിലൊരാൾ പ്രതിമയെ ചോദ്യം ചെയ്യുമ്പോൾ അയ്യപ്പശ്ശാരിൽ നിന്നാണ് പൊതുവായ ഉത്തരങ്ങൾ പുറത്തു വരുന്നത്.

പ്രതിമയെ പ്രതിക്കൂട്ടിൽ നിർത്തിയതോടെ കുട്ടികൾക്കു ധൈര്യ മായി. ഇനിയവർക്ക് എങ്ങനെ വേണമെങ്കിലും വിചാരണ നടത്താം പ്ര തിമയുടെ സ്ഥാനത്ത് അച്ഛനോ അമ്മയോ അണ്ണനോ മുതലാളി യോ ആരുമാകാം. പ്രതിമയ്ക്കു പകരം കഥാപാത്രങ്ങൾ നേരിട്ടു രംഗ ത്തു വന്നിരുന്നുവെങ്കിൽ കാര്യങ്ങൾ കുഴഞ്ഞു മറിയുമായിരുന്നു. പ്രതി മയെ കഥാപാത്രമാക്കിയതോടെ നാടകകൃത്തിന് ആ ഒരു പ്രതിസന്ധി യെ മറികടക്കാനായി. പ്രതിമ ഒരു നാടകക്രിയാംശത്തിനു സഹായിക്കു ന്ന ശ്രദ്ധേയമായ ഉപകരണം (Property) കൂടിയായി മാറുന്നുണ്ട്. അ തു ചലിക്കുന്നുണ്ട്, വട്ടം ചുറ്റുന്നുണ്ട്, നൃത്തച്ചുവടുകൾ വയ്ക്കുന്നു ണ്ട്. കുട്ടികളിൽ നിന്നുള്ള മൂർച്ചയേറിയ വാക്ശരങ്ങൾ ഏറ്റുവാങ്ങുന്നു ണ്ട്. അങ്ങനെ നാടകത്തിലെ ശക്തമായ കഥാപാത്രമായി മാറുന്നുണ്ട് ആ മൂകപ്രതിമ.

നാടകത്തിൽ ആദ്യന്തം ദയ, അമർഷം, സഹതാപം, ഉത്സാഹം, വേദന, നർമ്മം തുടങ്ങിയ വികാരങ്ങളുടെ കയറ്റിറക്കങ്ങളാണ്. ബാല്യത്തിൻെറ നൈസർഗ്ഗിക ഭാവങ്ങൾ - നൈർമ്മല്യം, ആർജ്ജവം എന്നിവ ആ അന്തരീക്ഷത്തിന് അതിൻേറതായ ഒരു യാഥാർത്ഥ്യവും വിശ്വാസ്യതയും കൈവരുത്തുകയും ചെയ്യുന്നു.

### 2.12.4. പ്രായം കുറഞ്ഞ ജഡ്ജി

കൂട്ടത്തിൽ ഏറ്റവും പ്രായം കുറഞ്ഞ രശ്മിമോളാണു ജഡ്ജി. എല്ലാവരുടെയും ഇഷ്ടഭാജനമായ അവൾക്കു അക്കരപ്പച്ച - സ്ലേറ്റി ത്തേക്കുന്ന പച്ചപോലെ എന്തോ ഒന്ന് എന്നേ അറിയാവൂ.

പാർട്ടികൾ പിളരുന്ന കാര്യത്തെക്കുറിച്ചുള്ള റിപ്പോർട്ട് ആരോ വായിച്ചപ്പോൾ അവളുടെ കൊച്ചുമനസ്സിന് തൂണു പിളർന്നു നരസിംഹം ചാടി വീഴുന്ന കഥയാണ് ഓർക്കാനായത്. ഇത്രയും നിഷ്കളങ്കയായ രശ്മിയല്ലാതെ മറ്റാരാണ് അക്കൂട്ടത്തിൽ ജഡ്ജിയാവുക? കുട്ടികൾ കോടതി തയ്യാറാക്കിയപ്പോൾ അവർ അവളെ ജഡ്ജിയാക്കി, പീഠത്തിലിരുത്തി.

*പ്രകാശ്: "പിന്നെ കൊട്ടൂടി ഇടിച്ചു പറയണം-കോടതി കൂടുന്നു എന്ന്. നീ അത് ഏറ്റു പറയണം."*

*രശ്മി: (ഇടിതടി പൊക്കാൻ ശ്രമിച്ച്) "എനിക്കിതു പൊക്കാൻ വയ്യ."*[21]

ഇടിതടിയും പിടിച്ചുകൊണ്ടങ്ങനെ ഏറെ നേരം ഇരിക്കാൻ അവൾക്കു വയ്യ. അവളെ അവിടെ നിന്നിറക്കാൻ ആരും തയ്യാറുമല്ല. അവൾ അവിടെയിരുന്ന് ഉറങ്ങി. വാദികളെല്ലാം ചേർന്ന് പ്രതിമയെ ചോദ്യം ചെയ്ത് മുൾമുനയിൽ നിർത്തുമ്പോൾ പാവം ജഡ്ജി ഉറക്കം തുടരുന്നു. കൊച്ചു കഥാപാത്രങ്ങളെക്കൊണ്ടു ജഡ്ജി വേഷം കെട്ടിക്കുന്നിടത്തു നാടകകർത്താവ് മനസ്സിൽ ലക്ഷ്യമിട്ടിരുന്ന ആശയത്തിൻെറ സൗന്ദര്യം വേർതിരിച്ചറിയാനാകും. കുട്ടികൾ അനുഭവിക്കുന്ന സ്നേഹശൂന്യതയുടെ ആവിഷ്കാരമാണിത്. 'മദ്ദളങ്ങൾ' കുട്ടികളുടെ ധീരമായ അവകാശപ്രഖ്യാപനമാണ്. കുട്ടികൾ ഉയർത്തുന്ന വിവാദത്തിൻെറയും പ്രതിഷേധത്തിൻെറയും ശബ്ദം.

### 2.12.5. ഒനാസിസും മറ്റു മൃഗകഥാപാത്രങ്ങളും

ബിന്ദുവിന്റെ നായ ഒനാസീസ് മറ്റൊരു പ്രധാന കഥാപാത്രവുമാണ്. ഒനാസീസിനെപ്പോലെ മറ്റേതെങ്കിലും ഒരു മൃഗം ജി. ശങ്കരപ്പിള്ളയുടെ ഭൂരിഭാഗം കുട്ടികളുടെ നാടകങ്ങളിലുമുണ്ട്. പല പല രൂപങ്ങളിൽ. 'പൊന്നുങ്കുട'ത്തിൽ അനിലയെന്ന രാജകുമാരിയെ രക്ഷിക്കാനെത്തുന്ന പൂച്ചയായിട്ട്. ഗുരുദക്ഷിണയിൽ സുശീലനും സുമിത്രയ്ക്കും ആശ്വാസവും സഹായവുമായിത്തീരുന്ന 'അനിലൻ' എന്ന കുരങ്ങനായിട്ട്. നാടകത്തിലെ പ്രധാനകഥാപാത്രങ്ങളൊടൊപ്പം മേൽ സൂചിപ്പിച്ചവർക്കു സ്ഥാനമുണ്ട്. പിൻ കാലിലിരുന്നുകൊണ്ട് നാടകം ആദ്യന്തം വീക്ഷിക്കുന്ന ഒനാസിസിനെ 'മദ്ദളങ്ങളി'ൽ കാണാം. കുരയ്ക്കേണ്ടിടത്തൊക്കെ കുരയ്ക്കുകയും വാലിൽച്ചവിട്ടി വേദനിപ്പിച്ച അയ്യപ്പശ്ശാരെ വിരട്ടിയോടിക്കുകയും ചെയ്യുന്നുണ്ട് ഒനാസിസ്. ജഡ്ജിയുടെ ഇടിതട ശബ്ദത്തിനൊപ്പം തന്റെ ഗൗരവസാന്നിദ്ധ്യം കൂടി അവൻ അറിയിക്കുന്നുണ്ട്. നാടകാന്ത്യത്തിൽ കൂട്ടുകാർ പിരിയുമ്പോൾ ഏകനായിത്തീർന്ന പ്രകാശനു തണലായ് മാറുന്നത് ഒനാസിസാണ്.

## 2.13. 'ഒരു കൂട്ടം ഉറുമ്പുകൾ'

ഐകമത്യം മഹാബലം എന്നു കുട്ടികൾ സ്വയം അനുഭവിച്ചറിയുന്ന നാടകമാണു ജി. ശങ്കരപ്പിള്ള രചിച്ച 'ഒരു കൂട്ടം ഉറുമ്പുകൾ'[22]. പേരയം ഹരിലാൽ സംവിധാനം ചെയ്ത ഈ നാടകം 1984 നവംബർ 17 ന് രംഗപ്രഭാതിൽ അരങ്ങേറി. പണ്ട്, ഒരു പച്ചിലക്കാട്ടിൽ, പേയും പിശാചും നിറഞ്ഞ നാട്ടിൽ പടയോട്ടം പോലുള്ള നാളിൽ പാർക്കാനെത്തിയ ഒരു കൂട്ടം ഉറുമ്പുകളുടെ കഥയാണു നാടകപ്രമേയം. ഉറുമ്പുകളെപ്പോ

ലെ തന്നെപ്പൂണ്ടു നിൽക്കുന്ന കുട്ടികളെ നോക്കി ചിരിച്ചുകൊണ്ട് മുഷ്കുള്ള ഒരുകൂട്ടം ഉറുമ്പുകളുടെ കഥ മുത്തശ്ശി പറയാൻ തുടങ്ങുന്നു. കഥ പറച്ചിൽ നാടകാവതരണമായി പരിണമിക്കുന്നു. മുത്തശ്ശിയും കുട്ടികളും മറഞ്ഞിരിക്കുമ്പോൾ ചുവന്ന ഉറുമ്പുകളും കട്ടുറുമ്പുകളും ആവേശത്തോടെ തങ്ങളുടെ ജോലികളിൽ വ്യാപൃതരാകുന്ന കാഴ്ച പ്രേക്ഷകർക്കു കാണാനാകുന്നു.

കുന്നിൻ ചെരിവിലെ ഉയർന്ന ഭാഗത്ത് വലിയൊരു ചിലന്തിവലയുണ്ട്. അതിൻെറ നടുക്ക് ചുവന്ന നാക്കു നീട്ടി ഇരതേടുന്ന ചിലന്തി. മൂന്നു നാലുറുമ്പുകൾ ചേർന്ന് വലിയ നെന്മണി ചുമന്നുകൊണ്ടു വരുമ്പോൾ ചിലന്തി ആദ്യം ആ നെന്മണിയെയും പിന്നീട് അതു ചുമന്നു വന്ന ഉറുമ്പുകളെയും നിർദ്ദയം തന്നിലേക്കടുപ്പിക്കുന്നു. കറുത്ത ഉറുമ്പുകളെയാണു ചിലന്തി പിടിച്ചതെന്നു മനസ്സിലാക്കിയപ്പോൾ ചോണനുറുമ്പുകൾ ഭയത്തിൽ നിന്നു മോചിതരാകുന്നു. നടക്കുമ്പോൾ സൂക്ഷിക്കണമെന്നും കറുത്ത ഉറുമ്പുകളെക്കണ്ടു പഠിക്കരുതെന്നുമുള്ള ഗുണപാഠങ്ങൾ ചോണനുറുമ്പുകൾ തങ്ങളുടെ കുഞ്ഞുങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. മണലിൽ അരിച്ചും കൂട്ടം കൂടിയും ഇഴയുന്ന ഉറുമ്പിൻ കീടങ്ങളോട് താൻ കൊടും തപസ്സിലാണെന്ന് ചിലന്തി അറിയിക്കുന്നു. തപസ്സാളുന്ന തൻെറ വിശപ്പു മാറ്റാൻ ദിവസവും നാല് ഉറുമ്പുകളെ വേണം. നിറമൊന്നും തനിക്കു ഭേദമില്ല. നാലെന്നാൽ മുദ്രയ്ക്കു നാല്. തങ്ങളുടെ നേർക്കു ചീറി വരുന്ന എതിരാളി പെരിയവനാണെന്നു തിരിച്ചറിഞ്ഞ ഉറുമ്പിൻ കൂട്ടങ്ങൾ ഒറ്റക്കെട്ടായി നിന്നു പൊരുതാൻ തീരുമാനിക്കുന്നു.

കുന്നിൻ ചെരുവിൻെറ മറ്റൊരു ഭാഗത്തു നിലകൊള്ളുന്ന രാക്ഷസൻ തൻെറ കയ്യിലുണ്ടായിരുന്ന ചൂല് ഉറുമ്പുകൾക്ക് ആയുധമായി നൽകുന്നു. അതുപയോഗിച്ച് അവർ ചിലന്തിവല തകർക്കുകയും ചിലന്തിയെ നാമാവശേഷമാക്കുകയും ചെയ്യുന്നു. തങ്ങൾക്കു ലഭിച്ച ആയുധം തിരിച്ചുകൊടുക്കണമോ വേണ്ടയോയെന്ന ആശയക്കുഴപ്പത്തിനിടയിൽ ഉറുമ്പുകൾക്ക് അതു നൽകിയ രാക്ഷസൻ തൻെറ ആയുധമായ ചൂല് ആവശ്യപ്പെടുന്നു. അതുപയോഗിച്ചു തന്നെ രാക്ഷസൻ ഉറുമ്പുകളെ കീഴ്പ്പെടുത്തനൊരുങ്ങുമ്പോൾ കറുത്തതും ചുവന്നതുമെന്ന വ്യത്യാസം മറന്ന്, ചൂലു താഴുന്നതിനു മുൻപ് അവർ രാക്ഷസൻെറ ശരീരത്തിൽ പലയിടത്തായി പിടിച്ചു കയറുന്നു... കടിക്കുന്നു. രാക്ഷസൻ വിറളി പിടിക്കുന്നു. ചൂലു ദൂരെത്തെറിക്കുന്നു. കഠിനമായ നിലവിളിയോടെ അവൻ നിലം പതിക്കുന്നു. ഒത്തൊരുമിച്ചാലേ രക്ഷയുള്ളൂ. മനുഷ്യരോട് അതു പ്രഖ്യാപിക്കണം. ഉറുമ്പുകൾ ഇങ്ങനെ തീരുമാനിച്ചുകൊണ്ട് ഒന്നായിപ്പാടുന്ന പാട്ട് ഒന്നാന്തരം സന്ദേശമാണ്. ഒരുമയുടെ മന്ത്രമാണ്.

*"ഒരു കൂട്ടം ഉറുമ്പുകളുലകാകെ മുഴക്കുന്നി-*
*തൊരുമതൻ മന്ത്രമെന്നോ നമുക്കു മോക്ഷം.*
*പലതുള്ളിപ്പെരുവെള്ളം പറഞ്ഞേറെക്കേട്ടിരിപ്പൂ*
*കൊലയാളിക്കെതിരെ നാം ഒന്നു ചേരണം.*
*നിറമില്ല, ജാതിയില്ല, സ്ഥിതിഭേദമില്ലാ-*
*തൊരുമിക്കാൻ വിളിപ്പിതോരുറുമ്പിൻ കൂട്ടം.*
*ഒരു കൂട്ടമുറുമ്പുകൾ ഉലകാകെ മുഴക്കുന്നി-*
*തൊരുമതൻ മന്ത്രമെന്നോ നമുക്കു മോക്ഷം."*[23]

## 2.14. 'ചിത്രശലഭങ്ങൾ'

സത്യത്തിൻെറ വഴിയിലൂടെ സഞ്ചരിക്കുവാൻ ബാലമനസ്സുകൾക്ക് പ്രചോദനം നൽകുന്ന നാടകമാണ് 'ചിത്രശലഭങ്ങൾ'[24]. കേരള സംഗീത നാടക അക്കാദമി ചെയർമാനായിരുന്ന ടി. ആർ. സുകുമാരൻ നായർക്കു സ്വീകരണമൊരുക്കിക്കൊണ്ട് 1985 ആഗസ്റ്റ് 10 ന് പേരയം ഹരിലാലിൻെറ സംവിധാനത്തിൽ വെഞ്ഞാറമ്മൂടു രംഗപ്രഭാത് നാടകം അവതരിപ്പിച്ചു. ലക്ഷ്യം മറന്നു പ്രവർത്തിച്ചാൽ വന്നു ഭവിക്കുന്ന ഭവിഷ്യത്തുകളാണ് ഈ നാടകത്തിലൂടെ കുട്ടികൾ അറിയുന്നത്. നിറം കണ്ടു ഭ്രമിച്ച് അപകടത്തിൽച്ചാടരുതെന്ന മുന്നറിയിപ്പും ഇതിലുണ്ട്. നാടകത്തിൽ നാം കാണുന്ന മുത്തശ്ശി പ്രകൃതിയും അമ്മയും രക്ഷകയുമാണ്. തിൻമയുടെ പാത സ്വീകരിക്കുവാൻ വളരെയെളുപ്പമാണ്. അപകടത്തിൽപ്പെട്ടാൽ രക്ഷപ്പെടുവാൻ പ്രയാസവും. വളരെ ലളിതമായ കഥാകഥനത്തിലൂടെ, നിരവധി നാടകീയ മുഹൂർത്തങ്ങൾ സൃഷ്ടിച്ചുകൊണ്ടാണു നാടകം വളരുന്നത്.

രംഗവേദി കാടാണ്. മരങ്ങളും ചെടികളും ഇടതിങ്ങി വളർന്നു നിൽക്കുന്നതിനിടയ്ക്കുള്ള ചെറിയ ഒരു വെളിപ്രദേശം. പല ദിക്കുകളിൽ നിന്നും അഞ്ചു മാലാഖമാർ കടന്നു വരുന്നു. തങ്ങളുടെ കൂട്ടത്തിൽ നിന്നും അപ്രത്യക്ഷയായ മാലാഖമാരെത്തിരഞ്ഞുകൊണ്ടാണു വരവ്. രംഗത്തിൻെറ പിന്നറ്റത്ത് ചെറിയ കുറ്റിച്ചെടികൾ വളർന്നു നിൽക്കുന്നതിനിടയിൽ പ്രതിമയായി നൃത്തത്തിൻെറ രീതിയിൽ നിൽക്കുന്ന പെൺകുട്ടിയെ അവർ ആദ്യം ശ്രദ്ധിക്കുന്നില്ല. കാട്ടുപൂഞ്ചോലക്കരയിലും തേക്കിൻ കാടുകളിലും പകൽ വെട്ടം വീഴാത്ത തമാലവനങ്ങളി

ലും ഗുഹാന്തരങ്ങളിലും അവർ കൂട്ടുകാരിയെത്തേടിയലഞ്ഞു. പിന്നര ങ്ങിൽ നിന്നും കേൾക്കാനാകുന്ന മൃഗഗർജ്ജനം അവരിൽ ഭയം പര ത്തുന്നു. എല്ലാവരും ഒത്തുചേർന്ന് തോഴിയെ വിളിച്ചു നിരാശപ്പെട്ടു നിൽക്കുമ്പോൾ ഒരു ചിത്രശലഭം അതുവഴി പ്രവേശിക്കുന്നു. അതിനെ പ്പിടിക്കാൻ ശ്രമിക്കുമ്പോൾ ശലഭം തെന്നി മാറിപ്പറന്നു മറയുന്നു. മാ ലാഖമാർ വീണ്ടും തിരയുന്നതിനിടയിൽ ചലനമില്ലാതെ നിൽക്കുന്ന ത ങ്ങളുടെ തോഴിയെക്കാണുന്നു. തങ്ങളുടെ തോഴി എങ്ങനെ പ്രതിമയാ യെന്നു ചിന്തിച്ചു ദു:ഖിതരായി നിൽക്കുന്ന അവർക്കിടയിൽ മുത്തശ്ശി യെത്തുന്നു. കാടിന്റെ ഒത്ത മദ്ധ്യമായ ഒടങ്കൊല്ലിമൂല അപകടം നിറ ഞ്ഞയിടമാണെന്നും അവിടെ സിംഹവും കരടിയും കടുവയുമുണ്ടെന്നും അവയെക്കണ്ടു പേടിച്ചപ്പോൾ താനവളെ പ്രതിമയാക്കി മാറ്റിയതാണെ ന്നും അവർ പറയുമ്പോൾ മാലാഖമാർക്കു മുത്തശ്ശി ഒരു ദുർദ്ദേവതയാ ണെന്നു തോന്നിപ്പോകുന്നു. സിംഹത്തിന്റെ അലർച്ച വീണ്ടും കേൾ ക്കാനായതോടെ മുത്തശ്ശി കൈയിലുള്ള വടി ഉയർത്തി മാന്ത്രികമായി വീശി മന്ത്രസ്വരത്തിൽ എന്തോ ഉരുവിടുന്നു. മാലാഖമാർ അവരവർ നിന്ന നിലകളിൽ പ്രതിമകളെപ്പോലെയായി. മുരൾച്ചയോടു കൂടി സിം ഹം പ്രവേശിക്കുന്നു. വൃദ്ധയുടെ സാന്നിദ്ധ്യമേ സിംഹം അറിയുന്നില്ല. വൃദ്ധ ഒരു മന്ദഹാസത്തോടെ ഇതെല്ലാം നോക്കി നിൽക്കുകയാണ്. സിംഹം പോയിക്കഴിഞ്ഞ ശേഷം വൃദ്ധ ഒരോ പ്രതിമയെയും സമീപിച്ച് തഴുകുന്നു. അവർക്കെല്ലാം ജീവൻ വയ്ക്കുന്നു. ജീവൻ വച്ചവർ മറ്റു ള്ളവർക്കു ജീവൻ തിരിച്ചുകിട്ടുന്നത് കൗതുകത്തോടെ നോക്കി നിൽ ക്കുന്നു. ആദ്യത്തെ പ്രതിമയുൾപ്പെടെയുള്ള മാലാഖമാർ സന്തോ ഷത്തോടെ വൃദ്ധയ്ക്കു ചുറ്റും വരുന്നു. രക്ഷിക്കാൻ മാത്രം വന്ന വൃദ്ധ മാലഖമാരോടു പറയുന്ന വാക്കുകൾ നാടക സന്ദേശമായിത്തീരുന്നു.

*"നിങ്ങൾ കാണുന്നതു ശലഭം മാത്രം.. എന്നാല് ഇവിടെ... സിംഹവും... കരടിയും... പാമ്പും... എല്ലാം... എല്ലാം...ഉണ്ട്... അതൊന്നും മക്കളു കണ്ടിട്ടില്ല... കാണാതെയുമിരിക്കട്ടെ. പോകിൻ... ഈ ഒടങ്കൊല്ലി മൂലയിൽ... കാടിന്റെ ഗർഭത്തിൽ... ഒരിക്കലും കടന്നുവരാതിരിക്കിൻ. ഒരു ശബ്ദവും നിങ്ങളെ ഇവിടേയ്ക്കു നയിക്കാതിരിക്കട്ടെ.. ഉം, പോകിൻ... പോകിൻ.. പോകിൻ."*[25]

നാടകത്തിൽ പ്രേക്ഷകരും മാലാഖയും പരിചയപ്പെടുന്ന വൃദ്ധ പ്രകൃതി തന്നെയാണ്. പ്രകൃതി അമ്മയും രക്ഷകയുമാണ്.

## 2.15. 'വേനലിൽ വിരിഞ്ഞ പൂവ്'

രവീന്ദ്രനാഥടാഗൂറിന്റെ വിശ്വവിഖ്യാതമായ ഒരു ചെറുകഥയെ അടിസ്ഥാനമാക്കി ജി. ശങ്കരപ്പിള്ള രചിച്ച അതിമനോഹരമായ കുട്ടികളുടെ നാടകമാണു 'വേനലിൽ വിരിഞ്ഞ പൂവ്'[26]. പി. കെ. വേണുഗോപാൽ സംവിധാനം നിർവ്വഹിച്ച ഈ നാടകം 1986 നവംബർ നാലിന് വെഞ്ഞാറമ്മൂടു രംഗപ്രഭാതിൽ അരങ്ങേറി. യഥാർത്ഥമഹത്വം എന്തെന്നു കുട്ടികൾ അനുഭവിച്ചറിയുന്ന നാടകമാണിത്. മഹത്വത്തെ അറിഞ്ഞ് ആദരിക്കുന്ന ഒരു സാധാരണം ജീവിതം പോലും മഹത്വമുള്ളതാകുന്നു. കൊടും വേനലിൽ ദരിദ്രനായ ഒരു കർഷകന്റെ കൊച്ചുകുളത്തിൽ കാത്തു സൂക്ഷിച്ചിരുന്ന പൂവ് അയാൾ പറിക്കുന്നു. വേനലിൽ വിരിഞ്ഞ അസുലഭമായ പൂവിനു വേണ്ടി സ്വർണ്ണനാണ്യങ്ങൾ നൽകാൻ മഹാരാജാവും മന്ത്രിയും സേനാനായകനും ഭടന്മാരും തയ്യാറായി. തന്റെ താമരപ്പൂവിനു മഹാരാജാവു നൽകുന്നതിലും കൂടുതൽ വില ലഭ്യമാകുമെന്നു കർഷകനു തോന്നാൻ കാരണം രാജാവിന്റെ വാക്കുകൾ തന്നെയാണ്.

*“ഞാനേറ്റവും ദിവ്യമായിക്കരുതുന്ന ഒരു സാന്നിദ്ധ്യം ഇന്ന് ഈ നഗരത്തെ അനുഗ്രഹിക്കുന്നു. നോക്കൂ, എൻെറ കണ്ണുകളിൽ ആനന്ദം തളിരിട്ടിരിക്കുന്നു. കാണുന്നില്ലേ! ഞാൻ രാജകീയമായ ഒരു അലങ്കാരവുമണിഞ്ഞിട്ടില്ല. കാണുന്നില്ലേ? കാരണമറിയാമോ ? ഞാനീ മഹാസാന്നിദ്ധ്യത്തിൽ നിന്നും വരികയാണ്. അവിടെ ഞാനാര് ? ചക്രവർത്തികൾ വെറും പുഴുക്കൾ. പുൽനാമ്പുകൾ. അദ്ദേഹത്തിൻെറ മുന്നിൽ നിൽക്കാൻ അയോഗ്യർ. എനിക്കീ പൂവ് ആ പാദങ്ങളിൽ അർപ്പിക്കണം. അതെ. അതു വേണം. വലിയൊരു പ്രശ്നമല്ല മനുഷ്യാ;”*[27]

മഹാരാജാവു പോലും വന്ദിക്കുന്നയാൾ. അങ്ങനെയെങ്കിൽ കൂടുതൽ വില അവിടെയാണു ലഭ്യമാകുക. മഹാരാജാവിനും മുകളിലുള്ളയാളെത്തേടി വൃദ്ധകർഷകൻ യാത്ര തിരിക്കുന്നു. ഇടതൂർന്നു നിൽക്കുന്ന മാങ്കൂട്ടത്തിൻെറ ഇടയിലൂടെ അകത്തേക്ക് എത്തി നോക്കിയപ്പോൾ പീതാംബരധാരിയും നിസ്വനുമായ ഒരു തേജസ്വിയെക്കാണുന്നു. അത് ഗൗതമബുദ്ധനായിരുന്നു. സൂര്യതേജസ്സാർന്ന ആ മഹത്വത്തിനു മുന്നിൽ തൻെറ ദാരിദ്ര്യം മറന്ന് അമൂല്യമായ ആ പൂവ് ദരിദ്രകർഷകൻ കാഴ്ചവയ്ക്കുന്നു. ആ ദിവ്യപാദത്തിൽ പുരണ്ട അമൂല്യമായ ഒരു മൺതരി മാത്രമാണു അതിനു പകരമായി കർഷകൻ ആവശ്യപ്പെട്ടത്.

## 2.16. ‘ഉമ്മാക്കി’

സങ്കൽപത്തിലുള്ള ഭീകരസത്വത്തിനെയാണ് ഉമ്മാക്കിയെന്നു പറയുക. ‘ഉമ്മാക്കി’[28]യെന്ന ബാലനാടകത്തിൽ ആർത്തിയും അത്യാഗ്രഹവുമാണ് ഉമ്മാക്കിയുടെ വേഷത്തിൽ പ്രത്യക്ഷപ്പെടുന്നത്. വിയർ

ക്കാതെ നേടാനുള്ള ആർത്തിക്കിടയിൽ സർവ്വസ്വവും ബലികഴിച്ച സാധാരണ മനുഷ്യൻെറ കഥയാണു നാടകത്തിൻെറ പ്രമേയം.

കുട്ടികളുടെ ബഹളത്താൽ അകമ്പടിസേവിക്കപ്പെട്ട് പ്രകൃതത്തിൽ ഭ്രാന്തനെന്നു തോന്നാവുന്ന ഒരാൾ രംഗവേദിയിലേക്ക് ഓടിയണയുന്നതോടെ നാടകം ആരംഭിക്കുകയായി. ഉമ്മാക്കിയെന്നു വിളിച്ചു കൂവി ആർത്തു രസിക്കുന്ന കുട്ടികൾ ആ മനുഷ്യനെ തോണ്ടുകയും ഇക്കിളിപ്പെടുത്തുകയും അയാളുടെ നേർക്ക് അതുമിതുമെല്ലാം പെറുക്കിയെറിയുകയും ചെയ്യുന്നു.

കൃഷിക്കാരനായ ആ പാവം മനുഷ്യനു കാശു നേടാനും ജീവിതം മെച്ചപ്പെടുത്താനും ആർത്തി തോന്നിയതുകൊണ്ട് ദൈവത്തെ വിളിച്ചു കരഞ്ഞു. തൻെറ പ്രാരാബ്ധങ്ങളൊക്കെപ്പറഞ്ഞു സങ്കടപ്പെട്ടു. ഉമ്മാക്കിയായി വേഷമിട്ട കൃഷിക്കാരൻ കോലം കെട്ടു പോകാൻ കാരണമാണ് രണ്ടാം രഗത്തിൽ പ്രതിപാദിക്കുന്നത്. തൻെറ ആട്ടിൻ കുട്ടിയുടെ പതിവു വിധത്തിലുള്ള കരച്ചിൽ കേട്ടുണർന്ന കൃഷിക്കാരൻ അങ്ങോട്ടു ശ്രദ്ധിക്കുന്നു. ആട് തന്നോടു സംസാരിക്കുന്നതായി അയാൾക്ക് അനുഭവപ്പെടുന്നു. താൻ അജത്തിൽക്കൂടി കൽപ്പിക്കുകയാണെന്നറിയിച്ചുകൊണ്ട് കൃഷിക്കാരനു പണം ലഭിക്കുവാനുള്ള മാർഗ്ഗം വിശദമാക്കുന്നു. മൂന്നു ഭരണികൾ കാണിച്ചുകൊണ്ട് അതു തുറന്നു നോക്കുവാൻ ആടു മൊഴിഞ്ഞു.

ഒന്നാം ഭരണിയിൽ പൊന്നും രണ്ടാം ഭരണിയിൽ പവിഴവുമായിരുന്നു. മൂന്നാം ഭരണി ശൂന്യമായിരുന്നു. മൂന്നാമത്തെ ഭരണി നിറഞ്ഞാൽ മാത്രമേ മറ്റു രണ്ടു ഭരണിയിലെയും വസ്തുക്കൾ സ്വന്തമാ

ക്കാൻ സാധിക്കുകയുള്ളൂ. ആട്ടിൻ കുട്ടിയുടെ സംഭാഷണഭാഷ അപ്ര ത്യക്ഷമായപ്പോൾ ആരോരുമറിയാതെ ഒന്നും രണ്ടും ഭരണിയിലെ സാ ധനങ്ങൾ വാരിയെടുക്കാൻ ശ്രമിച്ച കൃഷിക്കാരൻ ഒന്നാം ഭരണിയിൽ നിന്നും പുറത്തു വന്ന സർപ്പശിരസ്സും രണ്ടാം ഭരണിയിൽ നിന്നും വ ന്ന മുഖം മൂടിയണിഞ്ഞ ഭീകര രൂപവും കണ്ട് ഭയപ്പെടുന്നു. കൃഷി ക്കാരനു ലഭിച്ച മൂന്നാമത്തെ ഭരണി ഒരു കടംകഥ തന്നെയായിരുന്നു. ഇട്ടാലും ഇട്ടാലും നിറയാത്ത നീരാളിയായിരുന്നു അത്. അയാളുടെ സ്ഥാവരജംഗമവസ്തുക്കളെല്ലാം വിറ്റുപോയി. ആത്മഭയമുള്ളതുകൊണ്ട് മറ്റേ രണ്ടു ഭരണികളും തുറന്നതുമില്ല. കട്ടതും ഇരന്നതും എല്ലാം കൊണ്ടിട്ടു എഴുന്നേൽക്കാൻ വയ്യാത്തവിധം അയാൾ അവശനായി. ഒ ന്നു സംശയം തീർക്കാമെന്നു വിചാരിച്ചാൽ ആ ആട്ടിൻ കുട്ടിയെ അ യാൾ കൊന്നുകളയുകയും ചെയ്തു. തന്നെ ഈ നിലയിലാക്കിയതു ദൈവം തമ്പുരാനാണെന്ന് അയാൾ കുട്ടികളോടു പറയുന്നു. അയാൾ ബുദ്ധിഭ്രമം വന്നയാളാണോയെന്നുറപ്പിക്കുവാൻ കുട്ടികൾ രണ്ടു ഭരണി കൾക്കകത്തും ഇറങ്ങി പരിശോധിച്ച് അതു ശൂന്യമാണെന്നുറപ്പു വരു ത്തുന്നു. എല്ലാവരെയും പറ്റിക്കാവുന്ന ആ ഉമ്മാക്കി ആർത്തിയാണ്. അദ്ധ്വാനിക്കാതെ സമ്പാദിക്കാനുള്ള ആർത്തിയാണ് ഉമ്മാക്കി.

## 2.17. 'താമര'

സൂര്യനെക്കാണാൻ മോഹിച്ച ദേവകന്യക താമരപ്പൂവായി മാറിയ കഥയാണു ജി. ശങ്കരപ്പിള്ള രചിച്ച 'താമര'[29] പങ്കുവയ്ക്കുന്നത്. സൂര്യ ദേവൻ കനിഞ്ഞ് അവൾക്കു സുന്ദരമായ ആകൃതി നൽകി. പട്ടിനെ ക്കാളും നേർമ്മയേറിയ പുഷ്പതലത്തിൽ കാഞ്ചനക്കൈകളുമായി വന്ന

ണയുന്ന സൂര്യദേവസ്പർശമീൽക്കാൻ ആ ദേവകന്യക പുലരിയെക്കാത്തിരുന്നു. പൂക്കളില്ലാത്ത താമരക്കുളമാണു രംഗവേദി. ധാരാളം താമരയിലകൾ നിവർന്നു നിൽക്കുന്നുണ്ട്. ഒന്നു രണ്ടു മൊട്ടുകൾ അങ്ങിങ്ങുണ്ട്. നിലാവിൻെറ സ്വർണ്ണശോഭ എല്ലായിടത്തും പ്രസരിച്ചുകഴിഞ്ഞിരിക്കുന്നു. പിന്നരങ്ങിൽ നിന്നും കേൾക്കുന്ന കുയിലിൻെറ കളകൂജനം മധുമാസമാണെന്നതിനെ ഓർമ്മിപ്പിക്കുന്നു. താമരയിലകളുടെ അടിയിൽ നിന്നും പെട്ടെന്നു പ്രത്യക്ഷപ്പെടുന്ന ദേവതമാർ മൂന്നു പേരും മതി മറന്ന് നിലാവിൽ ആടിപ്പാടി നൃത്തം വയ്ക്കുന്നു. കടലമ്മയുടെ കൊട്ടാരത്തിൽ നിന്നും ലോകത്തിൻെറ പ്രകൃതിവിലാസം കണ്ടനുഭവിക്കുവാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന ദേവകന്യകമാരാണവർ. കടലമ്മയുടെ കൊട്ടാരത്തിലെ പുന്നാരക്കിളികൾ.

ആഴിക്കടിയിൽ അമ്മയൊരുക്കിക്കൊടുത്ത സ്വർഗ്ഗലോകത്തേക്കാൾ മികച്ചതായി ഈ ലോകത്തിൽ മറ്റെന്തുണ്ടെന്നു പാടി ആനന്ദനൃത്തം ചെയ്യുമ്പോൾ മനോരഞ്ജിനിയെന്നു പേരുള്ള ദേവത ശക്തിയും സൗന്ദര്യവുമുള്ള സൂര്യനിൽ ആകൃഷ്ടയാകുന്നു. അരുതാത്തതാണ് ആഗ്രഹിക്കുന്നതെന്നു കൂടെയുള്ളവർ പറയുന്നതൊന്നും അവൾ വകവച്ചു കൊടുക്കുന്നില്ല. അണിയറയിൽ നിന്നുള്ള അമ്മയുടെ ആജ്ഞാശബ്ദം താളാത്മകമായ ഗാനമായിത്തീരുന്നു.

*"കൊള്ളാം പോവുക മക്കളേ, സരസ്സതിൻതീർത്തിലുല്ലാസമായ്*
*തുള്ളിച്ചാടി രസിക്കുവിൻ, നറു നിലാപാലാഴിയോളങ്ങളിൽ*
*ഉല്ലാസത്തിനു പൂർണ്ണശാന്തിയരുളിപ്പക്ഷേ, തിരിച്ചെത്തണം.*
*അല്ലിന്നതിയി, ലർക്കനംബരമതിൽക്കെട്ടിന്നകം പൂകവേ!"* [30]

പാലു പോലെ വെളുത്ത നിലാവിൻെറ സന്ദര്യം മാത്രമേ അവർ കണ്ടിട്ടുള്ളൂ. പ്രഭാതത്തിൻെറ ശംഖൊലിനാദത്തിനു മുൻപേ അവർക്കു തിരിച്ചു പോകണം. സൂര്യോദയത്തിനു മുൻപു തിരിച്ചുപോകാൻ തിടുക്കം കൂട്ടുന്ന ദേവതമാർക്കിടയിൽ മന്ത്രത്താൽ ബന്ധിതയായപോലെ മനോരഞ്ജ്ജിനി നിൽക്കുന്നു. അവൾക്ക് ഉഷസ്സു കാണണം. വെളിച്ചം കാണാതെ അതിൻെറ ശക്തിയനുഭവിക്കാതെ തനിക്കു മടങ്ങിപ്പോകാനാകില്ലെന്നു അവൾ വിശ്വസിക്കുന്നു. രണ്ടു ദേവതമാരും ദു:ഖത്തോടെ അപ്രത്യക്ഷയാകുന്നു. മനോരഞ്ജ്ജിനി സൂര്യൻ ഉദിച്ചു വരുന്ന ദിക്കിലേക്കു ആശങ്കയോടെ നോക്കി നിൽക്കുന്നു. സൂര്യദേവൻെറ സ്വർണ്ണ രഥം പ്രത്യക്ഷപ്പെടുന്നു. മിനുങ്ങുന്ന കിരീടം വച്ചു പുഞ്ചിരി തൂകിക്കൊണ്ടു നിൽക്കുന്ന മാനത്തു മിന്നുന്ന മുത്തിനോടു തൻെറ മാനസം തുറക്കാൻ അവൾ അപേക്ഷിക്കുന്നു.

*"താവകദർശനം പോരും - മമ*
*ജീവിതം ധന്യമായ്ത്തീരാൻ"* [31]

എന്ന് അവൾ സൂര്യദേവനോടു പറയുന്നു. സൂര്യദേവൻ പുഞ്ചിരിയോടെ അവളെ കടാക്ഷിക്കുന്നു. സൂര്യരഥം പതുക്കെ നീങ്ങുന്നു. രംഗവേദി ഇരുണ്ടു വീണ്ടും പ്രകാശിക്കുമ്പോൾ മനോരഞ്ജ്ജിനിയെന്ന ദേവത ഒരു താമരപ്പൂവായി വിടർന്നു പരിലസിക്കുന്നതാണു പ്രേക്ഷകർക്കു കാണാനാകുക. വിളക്കു പൊലിഞ്ഞു പ്രകാശിക്കുമ്പോൾ പിന്നരങ്ങിൽ നിന്നും സന്ധ്യാനാമശബ്ദം കേൾക്കാനാകുന്നു. താമര കൂമ്പിനിൽക്കുകയാണ്. ഒന്നാം ദേവതയും രണ്ടാം ദേവതയും തങ്ങളുടെ കൂട്ടുകാരി മനോരഞ്ജ്ജിനിയെത്തിരഞ്ഞു നടക്കുന്നു. സൂര്യൻെറ

ക്രൂരകരങ്ങളേറ്റു സോദരി നശിച്ചുപോയോയെന്നു മാനുഷകാരാഗൃഹ ത്തിലടയ്ക്കപ്പെട്ടുവോയെന്നും പരിതപിക്കുന്നു. തന്നെ തിരയേണ്ടെന്നും സൂര്യാനുഗ്രഹത്താൽ താൻ താമരയായിത്തീർന്നുവെന്നുമായിരുന്നു മനോരഞ്ജിനിയുടെ മറുപടി. പട്ടിനെക്കാളും നേർമ്മയേറിയ പുഷ്പ തലത്തിൽ കാഞ്ചനക്കൈകളുമായി വന്നണയുന്ന സൂര്യദേവസ്പർശം തനിക്കു സ്വർഗ്ഗമാണെന്ന് അവൾ പറയുന്നു. സൂര്യനെക്കാണുവാൻ മോഹിച്ചു താമരപ്പൂവായ് മാറിയ കൂട്ടുകാരിയ്ക്ക് അനുഗ്രഹാശിസ്സുകൾ നേർന്ന് അവർ യാത്രയാകുന്നു.

## 2.18. 'പൊന്നുങ്കുടം'

കുട്ടികളുടെ നൈസർഗ്ഗികവാസനയെയും ഭാവനയെയും വിനോദ ശീലങ്ങളെയും മാത്രം കേന്ദ്രമാക്കിയാണ് ജി. ശങ്കരപ്പിള്ള രചിച്ച 'പൊന്നു ങ്കുട'[32]ത്തിന്റെ വികാസപരിണാമങ്ങൾ. കോട്ടയം 'ബീക്കണിനു വേണ്ടി മാമ്മൻ മാപ്പിള ഹാളിൽ 1988 ആഗസ്റ്റ് 20 ന് മുരളി സംവിധാനം നിർവ്വഹിച്ച് ഈ നാടകം അവതരിപ്പിക്കുകയുണ്ടായി. 'പൊന്നുങ്കുടം' രംഗാവതരണത്തിലെ ക്രിയാംശത്തിനു പ്രാധാന്യം നൽകിക്കൊണ്ടുള്ള നാടകമാണ്. എന്നാൽ കുട്ടികളുടെ രസത്തിനുവേണ്ടി മാത്രം അവതരി പ്പിക്കാനാകുന്ന ഒരു നാടകവുമല്ല.

### 2.18.1. ഇടങ്ങൾ (Spaces)

കുട്ടികളുടെ സർവ്വവിധ കാലാപരിപോഷണത്തിനും ഉതകുന്ന ഇടങ്ങൾ (Spaces) ഈ നാടകത്തിലുടനീളമുണ്ട്. കുട്ടികളുടെ ശൈലി യാണെങ്കിലും ഈ നാടകം ഭംഗിയാർന്ന ഒരു രംഗകലാശിൽപം അവ

തരിപ്പിക്കുന്നുണ്ട്. രംഗവേദീമാദ്ധ്യമവും സന്ദർഭോചിതങ്ങളായ പലതരം ആവിഷ്കരണസങ്കേതങ്ങളും അതിൽ സമർത്ഥമായി ഉപയോഗിക്കപ്പെട്ടിരിക്കുന്നു. ആകാംക്ഷാനിർഭരമായ ഒരു സംഭവകഥയാണിതെന്നു പറഞ്ഞ് ഈ നാടകം പ്രേക്ഷകരെ അമ്പരപ്പിക്കുന്നില്ല. സമൂഹത്തിൽ വിവിധ തുറകളിൽ കഴിയുന്നവരുടെ വ്യത്യസ്തതയാർന്ന ജീവിതത്തെ തിരസ്കാരബുദ്ധിയോടെ കാണരുതെന്ന ലളിതമായ സന്ദേശം കൂടി 'പൊന്നുങ്കുടത്തിൽ' നിന്നും വായിച്ചെടുക്കാം.

അസ്വാതന്ത്ര്യത്തിൻെറ കയ്പ് അനുഭവിച്ച രാജപുത്രി മല്ലിക, തന്നെ ആക്ഷേപിച്ച ഒരു കറുത്ത ചെക്കൻ... ചരടുപോലുള്ളൊരു ചെക്കൻ. അവനെ, വെറുതെ വിടുവാൻ അച്ഛനോട് അഭ്യർത്ഥിക്കുന്നത് ഇതു കൊണ്ടാണ്. മുത്തശ്ശിയും ഒരു പറ്റം കുട്ടികളും സഭാതലത്തിനു വെളിയിൽ നിന്നും ആർത്തുല്ലസിച്ച് ബഹളങ്ങൾ ഉണ്ടാക്കിക്കൊണ്ടാണു നാടകാരംഭം. കുട്ടികൾ ഒത്തുചേർന്നുള്ള ഗാനം, മുത്തശ്ശിക്കു ചുറ്റുമുള്ള അവരുടെ നൃത്തം, പിണക്കം, മുത്തശ്ശിയുടെ കഥ പറച്ചിൽ.. ഇങ്ങനെ ലാളിത്യത്തിൻെറ പതിവു ചേരുവകളും ക്രിയാംശപ്രധാനമായ നിരവധി അഭിനയമുഹൂർത്തങ്ങളും കൊണ്ട് ആദ്യന്തം സമൃദ്ധമാണീ നാടകം. രാജാവെറിഞ്ഞു കൊടുക്കുന്ന സ്വർണ്ണനാണയങ്ങൾ മത്സരിച്ചു പെറുക്കിയെടുത്തുകൊണ്ട് കുട്ടികൾ ഓടിപ്പോകുന്നതുവരെയുള്ള എല്ലാ സന്ദർഭങ്ങളും ഇതുപോലെ ക്രിയാംശപ്രധാനമാണ്. രാജകൊട്ടാരം, രാജാവ്, മന്ത്രി, പരിചാരകൻ, രാജപുത്രി മല്ലിക, സേനാനായകർ, പൂച്ചക്കുട്ടി, വാണിഭച്ചന്ത, കച്ചവടക്കാർ ഇവയുടെയെല്ലാം ചിത്രീകരണം കുട്ടികൾ നടത്തുന്ന കളിയായി മാത്രമേ ആർക്കും അനുഭവവേദ്യമാകുകയുള്ളൂ.

രാജസദസ്സിലെ അന്തരീക്ഷം, കിങ്കരന്മാരുടെ പെരുമാറ്റം, രാജകീയ വിളംബരം എന്നിവയുടെയും അവതരണം കുട്ടിക്കളികളെ അനുസ്മരിപ്പിക്കുന്ന വിധത്തിലാണ്. അരങ്ങത്തു പ്രത്യക്ഷപ്പെടുന്ന ദൃശ്യങ്ങളിലൂടെ വിദൂരസ്പർശിയായ ജീവിതത്തിൻെറ പലവശങ്ങളെയും ഗാഢമായി ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ഒരനുഭൂതിയിൽ പ്രേക്ഷകരെ ലയിപ്പിക്കുന്ന നാടകമാണിത്. ബാലഭാവനയുടെ നിറം പിടിപ്പിച്ച വിചിത്രകൽപനകളോ അവയോടു പൊരുത്തപ്പെടാത്ത വിധത്തിൽ കൃത്രിമനാടകീയത തുളുമ്പുന്ന സന്ദർഭങ്ങളോ ഈ നാടകത്തിലില്ല. അസ്വാഭാവികത ഒട്ടും തോന്നുന്നില്ല. സ്വയം വികസിതമകുന്ന ഒരു ഇതിവൃത്തവുമുണ്ട്. സാർവ്വജനീനമായ ഒരർത്ഥതലമുണ്ട് അതിന്. ഹൃദയസ്പർശകങ്ങളായ നാടകീയമുഹൂർത്തങ്ങളും ക്രിയാംശസാദ്ധ്യതകളും ഇതിവൃത്തത്തിൽ അന്തർഭവിച്ചിരിക്കുന്നു. കുട്ടികളുടെ സഹജമായ മത്സരത്തിനിടയിൽ അപമാനിതയാകുന്ന രാജകുമാരിയുടെ ബാലിശമായ പ്രതികാരവും അവൾക്കു പറ്റുന്ന ബാലസഹജമായ അബദ്ധത്തിൻെറ പ്രത്യാഘാതങ്ങളും ഗാഢമായ പരസ്പരബന്ധത്തോടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. രാജാവിനും പരിചാരകർക്കും മറ്റനുയായികൾക്കും രാജപുത്രിയോടുള്ള വാത്സല്യത്തിൻെറ ചരടിൽ മറ്റെല്ലാ കഥാപാത്രങ്ങളുടെയും പ്രവൃത്തികളെ കോർത്തിണക്കിയത് ഉചിതമായി.

## 2.18.2. മാതൃബിംബം

മുത്തശ്ശിയും കുട്ടികളും തമ്മിലുള്ള സംഭാഷണങ്ങൾ കോർത്തിണക്കുമ്പോൾ സംവിധായകൻെറ മനസ്സിൽ ലോകം മുഴുവൻ ഒരു മാതൃബിംബമായും കുട്ടികൾ മുഴുവൻ ഒരു ലോകജനതയായും മാറുന്നു.

*മുത്തശ്ശി: "ഇങ്ങനെ ശണ്ഠകൂടിയാ മുത്തശ്ശി നടന്നങ്ങു പോകും. കഥയുമില്ല കിഥയുമില്ല."*

*(കുട്ടികൾ മുത്തശ്ശിക്കു ചുറ്റും വളയം നിന്ന്)*

*വിമല (കുട്ടികളിലൊരാൾ): "പോകുമോ മുത്തശ്ശീ, ഈ വേലി മുത്തശ്ശിക്കു പൊളിക്കാനാകുമോ?"*

*മുത്തശ്ശി: (സ്വരത്തിൽ വാത്സല്യവും വിഷാദവും തിരി നീട്ടി)*

*"ഇല്ല മക്കളേ! ഈ വേലി പൊളിച്ചുപോവാനാവില്ല മുത്തശ്ശിക്ക്... ഈ വേലി എനിക്ക് വേലിയല്ല മക്കളേ... എന്റെ രക്ഷാകവചം... അതെ - അതാ..." (മുത്തശ്ശിയുടെ കണ്ണു നിറയുന്നു)*

*"മുത്തശ്ശിയുടെ വേലിയിൽ മുള്ളുകളില്ല മക്കളേ! മലരുകൾ! മലരുകൾ മാത്രം..." (മെല്ലെ പാടുന്നു)* [33]

സർവ്വം സഹയായ അമ്മയിലേക്ക് ഭൂമിയിലേക്ക് മാതൃബിംബത്തിലേക്ക് മുത്തശ്ശി താദാത്മ്യം പ്രാപിക്കുന്നുണ്ട്. കുട്ടികൾക്ക് കഥ വേണം. കഥ കാണുക തന്നെ വേണം. മുത്തശ്ശി കഥ കാണിച്ചു കൊടുക്കുന്നു. കുട്ടികൾ കഥയുമായി ഇഴുകിച്ചേരുന്നു.

## അടിക്കുറിപ്പുകൾ


1. Goldberg, Moses.
   *Children's Theatre: A Philosophy and a Method.* (New Jersey: Prentice – Hall, Englewood Cliffs. 1985)
2. ശങ്കരപ്പിള്ള. ജി.
   *പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991)

3. ശങ്കരപ്പിള്ള. ജി.
അവതാരിക. ബാബുദാസ്. കെ. പി.
*സന്ദർശനം.* (കോട്ടയം: എൻ. ബി. എസ്. 1981) പു. 6

4. കൃഷ്ണപിള്ള എൻ.
*എൻ. കൃഷ്ണപിള്ളയുടെ നാടകചിന്തകൾ.* (കോഴിക്കോട്: മാതൃഭൂമി. 1990) പു. 124

5. ശങ്കരപ്പിള്ള. ജി.
*പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991) പു. 124

6. അ. ഗ്ര. പു. 40

7. അ. ഗ്ര. പു. 115

8. അ. ഗ്ര. പു. 223

9. ശങ്കരപ്പിള്ള. ജി.
പുഷ്പകിരീടം. *പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991) പു. 9-40

10. അ. ഗ്ര. പു. 16

11. അ. ഗ്ര. പു. 37

12. അ. ഗ്ര. പു. 40

13. അ. ഗ്ര. പു. 115

14. അ. ഗ്ര. പു. 108

15. ശങ്കരപ്പിള്ള. ജി.
നിഴൽ. *പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991) പു. 216-233

16. അ. ഗ്ര. പു. 228

17. അ. ഗ്ര. പു. 231

18. ശങ്കരപ്പിള്ള. ജി.

നിധിയും നീതിയും. *പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991) പു. 160-183

19. അ. ഗ്ര. പു. 182

20. ശങ്കരപ്പിള്ള. ജി.

മദ്ദളങ്ങൾ. *പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991) പു. 41-74

21. അ. ഗ്ര. പു. 62

22. ശങ്കരപ്പിള്ള. ജി.

ഒരു കൂട്ടം ഉറുമ്പുകൾ. *പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991) പു. 143-159

23. അ. ഗ്ര. പു. 159

24. ശങ്കരപ്പിള്ള. ജി.

ചിത്രശലഭങ്ങൾ. *പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991) പു. 204-215

25. അ. ഗ്ര. പു. 214

26. ശങ്കരപ്പിള്ള. ജി.

വേനലിൽ വിരിഞ്ഞ പൂവ്. *പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991) പു. 75-92

27. അ. ഗ്ര. പു. 86

28. ശങ്കരപ്പിള്ള. ജി.

ഉമ്മാക്കി. *പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991) പു. 75-92

29. ശങ്കരപ്പിള്ള. ജി.

താമര. *പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991) പു. 234-240

30. അ. ഗ്ര. പു. 236

31. അ. ഗ്ര. പു. 238

32. ശങ്കരപ്പിള്ള. ജി.

പൊന്നുങ്കുടം. *പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991) പു. 184-203

33. അ. ഗ്ര. പു. 187